# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി6/1017/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/08/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി6/1017/2021 തീയ്യതി: 16/08/2021

## കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-01-2020 മുതൽ 13-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വാസുദേവൻ എം | ഡെപ്യൂട്ടി ഡയറക്ടർ | 13-07-2021 | 28-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി.ഇ.വി.,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ് കുമാർ, സിനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിനിത്ത്.എ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ.ടി.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ലിസ്സി ചാക്കോ | പ്രസിഡന്റ് | 01-04-2020 | 30-11-2021 |
| ശ്രീ.അലക്സ് തോമസ് | പ്രസിഡന്റ് | 18-12-2020 | 31-03-2021 |
| ശ്രീ.ഗിരീഷ് കുമാർ. കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയത (വരെ |
|---|---|---|---|
| ശ്രീ.കെ. നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 11-09-2020 |
| ശ്രീ.സുഭാഷ് കുമാർ.സി | അസിസ്റ്റന്റ് സെക്രട്ടറി | 17-09-2020 | 26-02-2021 |
| ശ്രീമതി.പ്രീത.ആർ.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 08-03-2021 | 26-03-2021 |
| ശ്രീ.ബൈജു തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 26-03-2021 | 31-03-2021 |
| ഡോ.അബ്ദുറഹിമാൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.ലൂസി.ടി.കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 09-02-2021 |
| ഡോ.ബിന്ദു.വി.കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 10-02-2021 | 31-03-2021 |
| ഡോ.ജിഷ്ണ .കെ.എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ.ഷബീർ അഹമ്മദ്.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മുജീബ് റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഫസീല.കെ.കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ഉനൈസ് അലി.സി.പി. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.റെജിമോൾ.കെ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജമീല.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മെർലിൻ അലക്സ് | ഫിഷറീസ് ഇൻസ്പെക്ടർ | 10-09-2020 | 31-03-2021 |
| ശ്രീ.രംജീഷ്.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 06-06-2020 |
| ശ്രീ.അരുൺ ചന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 10-07-2020 | 31-03-2021 |
| ശ്രീ.ജോയ് എബ്രഹാം | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-1 |
| 2 | സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-1-1 |
| 3 | ബജറ്റ് രേഖകൾ പൂർണ്ണമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-1-2 |
| 4 | വാർഷിക കണക്ക് അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-2 |
| 5 | ബാധ്യത തുക പൊരുത്തപ്പെടുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-2-1 |
| 6 | രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല/തുക പൊരുത്തപ്പെടുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-2-2 |
| 7 | വസ്തു നികുതി-ഒഴിവ്/ഇളവ് കണക്കിൽ ഉൾപ്പെട്ടില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-2-3 |
| 8 | പദ്ധതി ചെലവ് മുഴുവനായി ഉൾപ്പെട്ടില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-2-4 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-3 |
| 10 | ഫണ്ട് വിനിയോഗം<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-4 |
| 11 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-4-1 |
| 12 | ഡെപ്പോസിറ്റ് പ്രവൃത്തി - മൂന്നു വർഷം കഴിഞ്ഞിട്ടും പൂർത്തീകരണ വിവരമില്ല<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-4-2 |
| 13 | പദ്ധതി അവലോകനം<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-5 |
| 14 | പദ്ധതി രൂപീകരണത്തിലെ അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-5-1 |
| 15 | നിർവ്വഹണ താമസം ഫണ്ട് നഷ്ടത്തിന് കാരണമായി<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-5-2 |
| 16 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-6 |
| 17 | ക്ഷേമപദ്ധതികൾ<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-7 |
| 18 | ക്യാഷ് ബാലൻസ്<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| | Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | |
| 20 | മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ കാര്യക്ഷമമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-10 |
| 21 | അനധികൃത പന്നി ഫാം - വ്യവഹാരങ്ങളിൽ യഥാസമയം ഇടപെടലുകളില്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-11 |
| 22 | ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ - നികുതി നിർണയത്തിലെ അപാകത - വരുമാന നഷ്ടം സഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 1-12 |
| 23 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-13 |
| 24 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 1-14 |
| 25 | 60 ച. മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-15 |
| 26 | സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-16 |
| 27 | തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-17 |
| 28 | എഫ്. ടി. ഇ. എ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-18 |
| 29 | റോഡ് നിർമാണത്തിന് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗം - മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-19 |
| 30 | നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-20 |
| 31 | നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ചു<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-21 |
| 32 | മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021) | 1-22 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 13-08-2021) | |
| 33 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതു ന്യൂനതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-23 |
| 34 | കരാറുകാരുടെ ജി. എസ്. ടി ഇൻവോയിസ് ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-24 |
| 35 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-25 |
| 36 | മരാമത്ത് പണികൾ - പി.ഡബ്ള്യു.ഡി മാനവൽ വ്യവസ്ഥകൾ - പാലിക്കപ്പെടുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-26 |
| 37 | ഇ - ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-27 |
| 38 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-28 |
| 39 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-29 |
| 40 | സ്പിൽ ഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-30 |
| 41 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-31 |
| 42 | റോഡ് നിർമാണപ്രവൃത്തികൾ - കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 1-32 |
| 43 | ജല അതോറിറ്റിക്ക് വെള്ളക്കരമൊടുക്കൽ - കൃത്യത ഉറപ്പു വരുത്തുന്നില്ല<br>Written By: E.V Hari (Audit Officer, On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-33 |
| 44 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: E.V Hari (Audit Officer, On 27-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-34 |
| 45 | പ്രൊക്യുർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 1-35 |
| 46 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-36 |
| 47 | | 1-37 |

| | | |
|---|---|---|
| | അങ്കണവാടികളിലെ പോഷകാഹാര വിതരണം<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | |
| 48 | അർഹതയില്ലാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-38 |
| 49 | അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - ഫയൽ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിലെ പൊതു അപാകതകൾ<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-39 |
| 50 | സമഗ്ര ശിക്ഷ കേരളയ്ക്ക നൽകിയ 10,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-40 |
| 51 | ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - മരുന്നും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചില്ല<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-41 |
| 52 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ- 2,71,572 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-42 |
| 53 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - 29,332 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-43 |
| 54 | ആശ്രയ അവലോകനം<br>Written By: Shinith A (Senior Grade Auditor, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 1-44 |
| | **ഭാഗം 2** | |
| 1 | ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ - നികുതി നിർണയത്തിലെ അപാകത - വരുമാന നഷ്ടം സഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 2-1 |
| 2 | 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൽക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ട സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 28-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 2-2 |
| | **ഭാഗം 3** | |
| 1 | നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Jisha Samuel (Asst. Audit Officer, On 03-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-08-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 16-08-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 15-08-2021) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Jisha Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jisha Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 15-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 15-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha Samuel (Asst. Audit Officer, On 29-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha Samuel (Asst. Audit Officer, On 21-07-2021)<br>Last Updated By: Vasudevan M (Deputy Director, On 16-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

17.02.2021 ന് രാവിലെ നടന്ന ഭരണസമിതി യോഗത്തിന്റെ തീരുമാനം 1 ആയി 2020-21 വർഷത്തെ ബജറ്റ് പുതുക്കി. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 29013383 |
| വരവ് | 228868203 |
| ആകെ | 257881586 |
| ചെലവ് | 228760238 |
| നീക്കിയിരിപ്പ് | 29121348 |

### 1-1-1 സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല

സ.ഉ. (സാധാ)നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15 – ന് മുൻപ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15 – ന് മുൻപ് | 6 സ്ഥാപനമേധാവികൾ മാത്രമാണ് സമർപ്പിച്ചത് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 – ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച നോൺപ്ലാൻ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യത്തിൽ വ്യക്തതയില്ല |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല. |
| | | |

| | | |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 – ന് മുൻപ് | 16.3.20 ലെ തീരുമാനം 36/20പ്രകാരം പെർഫോമൻസ് ബജറ്റ്, ജൻഡർ ബജറ്റ്, ബജറ്റ് കുറിപ്പ് എന്നിവയെല്ലാം ഉൾപ്പെടുത്തി ഭരണസമിതിയ്ക്ക് സമർപ്പിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.എന്നാൽ രേഖകളായി ലഭ്യമല്ല. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 – ന് മുൻപ് | 25.03.2020ന് രാവിലെ നടന്ന സാധാരണ യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 – ന് മുൻപ് | 25.03.2020ന് ഉച്ചകഴിഞ്ഞ് നടന്ന യോഗത്തിൽ ബജറ്റ് അംഗീകരിച്ചു |

1-1-2 ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ
3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
4. പെർഫോമൻസ് ബജറ്റ്
5. ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തികവർഷം വരെ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-2 വാർഷിക കണക്ക് അപാകത

2020-21 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1-2-1 ബാധ്യത തുക പൊരുത്തപ്പെടുന്നില്ല

- സംയുക്ത പ്രോജക്ടുകൾക്കായി 2019-20 വർഷത്തിൽ ലഭിച്ച തുകയിൽ വിവിധ പ്രോജക്ടുകളിലായി 509000/- രൂപ ചെലവഴിക്കാൻ ബാക്കിയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ഈ തുക നിക്ഷേപിച്ചിട്ടുള്ള ട്രഷറി അക്കൗണ്ടിൽ 501492/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.
- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 ലെ ഹെഡ് ഓഫ് അക്കൗണ്ട് 320700204 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച തുകയിൽ 138207/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതൊക്കെ പദ്ധതികളുടെ നീക്കിയിരിപ്പാണെന്നത് വ്യക്തമല്ല.
- ഐ.സി.ഡി.എസ്. പദ്ധതിയ്ക്ക് ലഭിക്കുന്ന തുക ഉൾപ്പെടുത്തുന്ന 320100121 എന്ന ഹെഡിന്റെ ലഡ്ജർ ബുക്ക് പ്രകാരം വർഷാവസാന നീക്കിയിരിപ്പ് 1280113/- രൂപയാണ്. എന്നാൽ ഈയിനത്തിന്റെ ബാധ്യത തുകയായി ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ടത് 1432726/- രൂപയാണ്.
- തൊഴിലുറപ്പ് പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിലെ 31.3.2021 ലെ നീക്കിയിരിപ്പും, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 ലെ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

1-2-2 രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല/തുക പൊരുത്തപ്പെടുന്നില്ല

- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 ൽ ഉൾപ്പെട്ടതും, പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ചതുമായ തുകയുടെ (പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാതെ ഒന്നിലധികം ഇനങ്ങൾ നിക്ഷേപിക്കുന്ന) വരവ്, ചെലവ് വിവരങ്ങൾ പരിശോധിക്കാനുതകും വിധം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
- വിവിധയിനം ഡെപ്പോസിറ്റുകളായി ലഭിക്കുന്ന തുകയുടെ വരവ്, റീഫണ്ട് എന്നിവ പരിശോധിക്കത്തക്ക രീതിയിൽ ഓരോയിനത്തിനും പ്രത്യേകം രേഖപ്പെടുത്തൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നടത്തിയിട്ടില്ല.
- ഡി ആന്റ് ഒ ലൈസൻസ് ഇനത്തിലെ അഡ്വാൻസ് കളക്ഷനായി ലഭിക്കുന്ന തുക, തൻവർഷത്തെ യഥാർത്ഥ വരവ്, അടുത്ത വർഷത്തേയ്ക്കുള്ള അഡ്വാൻസ് കളക്ഷൻ എന്നിവ പരിശോധിക്കാവുന്ന വിധത്തിൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളോ, സംക്ഷിപ്തമോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- തൊഴിൽ നികുതി (വ്യാപാര സ്ഥാപനങ്ങളുടേയും, ജീവനക്കാരുടേയും) പിരിവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-2-3 വസ്തു നികുതി-ഒഴിവ്/ഇളവ് കണക്കിൽ ഉൾപ്പെട്ടില്ല

വസ്തുനികുതിയിൽ തൻവർഷം നൽകിയ വേക്കൻസി റെമിഷൻ, വിവിധ വിഭാഗങ്ങൾക്ക് നൽകിയ നികുതി ഒഴിവ്, റൈറ്റ് ഓഫ് ചെയ്ത നികുതി തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഇത്തരം ഇടപാടുകൾ ഉൾപ്പെടുന്നത് ഡിമാന്റ് തുകയിലുള്ള കുറവായിട്ടാണ്. വാർഷികകണക്കിൽ മേൽ ഇനങ്ങളിലുള്ള തുക ഉൾപ്പെടുത്താതെ യഥാർത്ഥ ഡിമാന്റിൽ കുറവ് വരുത്തി ഉൾപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്.

### 1-2-4 പദ്ധതി ചെലവ് മുഴുവനായി ഉൾപ്പെട്ടില്ല

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ സംസ്ഥാന വിഹിതത്തിന്റെ (വകുപ്പ് സബ്സിഡി തുക) ചെലവു വിശദാംശം കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37525257 |
| വരവ് | 145759187 |
| ആകെ | 183284444 |
| ചെലവ് | 156353391 |
| നീക്കിയിരിപ്പ് | 26931053 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | സി.ബി. | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 25602576 | 25602576 | 25095280 | 507296 | 98.02% |
| വികസന ഫണ്ട് എസ്.സി.പി. | - | 4908826 | 4908826 | 4552323 | 356503 | 92.7% |
| വികസന ഫണ്ട് ടി.എസ്.പി. | - | 2222373 | 2222373 | 1726675 | 495698 | 77.7% |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ജനറൽ ഗ്രാന്റ് | - | 21067509 | 21067509 | 14549700 | 6517809 | 69.1% |
| | ടൈഡ് | - | 9720000 | 9720000 | 3996867 | 5723133 | 41.1% |
| സംരക്ഷണ ഗ്രാന്റ് റോഡ് | | - | 24081000 | 24081000 | 23863149 | 217851 | 99.1% |
| സംരക്ഷണഗ്രാന്റ് റോഡിതരം | | - | 7614200 | 7614200 | 7551404 | 62796 | 99.2% |
| തൊഴിലുറപ്പ് പദ്ധതി | ഭരണ ചെലവുകൾ | 18713 | 1561622 | 1580335 | 1579369 | 966 | |
| | കൂലി | | 26547451 | 26547451 | 26547451 | | |
| വിമുക്തി | | 100453 | -- | 100453 | 6000 | 94453 | |
| കേരളോത്സവം | | 20000 | -- | 20000 | -- | 20000 | |
| ശുചിത്വ മിഷൻ | | 1639222 | 3353809 | 4993031 | 590494 | 4402537 | |
| ഐ.സി.ഡി.എസ് | | 2063522 | 1280113 | 3343635 | 2063522 | 1280113 | |
| ടി.എസ്.സി. | | 230210 | -- | 230210 | -- | 230210 | |

തൻവർഷം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ജി.ഒ. പ്രോജക്ടുകളായി ചെലവഴിച്ച തുക മേൽ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ജി.ഒ. പ്രോജക്ടുകളുടെ ഫണ്ട് തിരിച്ച വിവരം ചുവടെ കൊടുക്കുന്നു,

| ഫണ്ടിനം | പ്രോജക്ട് | തുക | ആകെ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | അംഗൻവാടി ജീവനക്കാർക്ക് ഹൊണറേറിയം | 1445400 | 1957674 |
| | സമ്പൂർണ്ണ പാർപ്പിട പദ്ധതി- ലൈഫ് മിഷൻ | 512274 | |
| വികസനഫണ്ട് എസ്.സി.പി. | സമ്പൂർണ്ണ പാർപ്പിട പദ്ധതി- ലൈഫ് മിഷൻ | 278549 | 278549 |
| വികസനഫണ്ട് ടി.എസ്.പി. | സമ്പൂർണ്ണ പാർപ്പിട പദ്ധതി- ലൈഫ് മിഷൻ | 36565 | 36565 |
| സംരക്ഷണഗ്രാന്റ് റോഡിതരം | വോട്ടിംഗ് മെഷീൻ | 77800 | 77800 |

2020-21 വർഷത്തിൽ വികസനഫണ്ട് ജനറൽ, എസ്.സി.പി., ധനകാര്യ കമ്മീഷൻ ഗ്രാന്റ് ജനറൽ എന്നീയിനങ്ങളിൽ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്ന തുകയേക്കാൾ കൂടുതൽ തുക തൻവർഷം ലഭിച്ചിട്ടുണ്ട്. വർഷാവസാനത്തിൽ പൂർത്തീകരിച്ചതും, ഡ്രാഫ്റ്റ് ബിൽ തയ്യാറാക്കിയതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് ജനറൽ | 2906271 |
| വികസനഫണ്ട് എസ്.സി.പി. | 338647 |
| വികസനഫണ്ട് ടി.എസ്.പി. | 663921 |
| സംരക്ഷണഗ്രാന്റ് റോഡ് | 6975645 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 383572 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6995451 |
| ആകെ | 18263507 |

പദ്ധതി നിർവ്വഹണം വൈകിയതു/വർഷാവസാനത്തിൽ നടപ്പാക്കിയതു മൂലം ഓരോ ഫണ്ടിനത്തിലും ആവശ്യമായ തുക സർക്കാരിൽ നിന്ന് ലഭ്യമാക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്.

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2020-21 വർഷത്തിൽ ഐ. കെ. എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാതകൾ ചുവടെ കൊടുക്കുന്നു,

- വിവിധ ഫണ്ടിനങ്ങളുടെ തൻവർഷത്തിലെ അലോട്ട്മെന്റുകളായി ഉൾപ്പെട്ട ഉത്തരവുകളും, തുകകളും 2019-20 വർഷത്തേതാണ്.
- ഫണ്ടിനങ്ങളുടെ സംക്ഷിപ്തത്തിൽ വരവ് തുക ഉൾപ്പെട്ടിട്ടില്ല.
- വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 8843723 | 16706348 |
| | സേവനം | 22896177 | 171831961 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 6039549 | 33881743 |
| വികസനഫണ്ട് ടി.എസ്.പി. | സേവനം | 2733274 | 4780674 |
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 5572976 | 12849512 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 35039833 | 37245833 |
| ധനകാര്യകമ്മീഷൻ ജനറൽ ഗ്രാന്റ് | പശ്ചാത്തലം | 15090000 | 18270220 |

- അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 443/21, 444/21, 456/21, 457/21 (ഇരുതുള്ളി പുഴയുടെ വിവിധ ഭാഗങ്ങളിലെ ശുചീകരണവും, കുന്നപ്പിള്ളിത്താഴെ തടയണ ചീർപ്പ് നിർമ്മാണവും) എന്നിവ ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് വിനിയോഗിച്ച് നടപ്പാക്കിയവയാണ്. ഈ പ്രോജക്ടുകൾ ഉത്പാദന മേഖലയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇവയുടെ വിശദാംശം പ്രസ്തുത ഫണ്ടിന്റെ സംക്ഷിപ്തത്തിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ വിശദീകരിക്കേണ്ടതാണ്.

### 1-4-2 ഡെപ്പോസിറ്റ് പ്രവൃത്തി - മൂന്നു വർഷം കഴിഞ്ഞിട്ടും പൂർത്തീകരണ വിവരമില്ല

2017-18 വർഷത്തിൽ പഞ്ചായത്തിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രോജക്ട് (നമ്പർ 142/18) പ്രകാരം 20,00,000/-രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. 28.2.2018 ന് തുക കൈമാറുകയും, അന്നേ ദിവസം തന്നെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷാവസാനം തന്നെ പൂർത്തീകരിക്കേണ്ട മേൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ലഭ്യമല്ല. ഡെപ്പോസിറ്റായി നൽകിയ തുക നിലവിലും വാർഷിക കണക്കിൽ അഡ്ജസ്റ്റ് ചെയ്യാതെ തുടരുന്നു. മേൽ പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി ലഭ്യമാക്കേണ്ടതും, നാളിതു വരെയുള്ള ചെലവു വിശദാംശം ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാ ത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 405 | 192013434 | 118974560 | 313 | 73 | 19 | 77.9% |

2020-21 വർഷത്തെ ആദ്യ വാർഷിക പദ്ധതിയിൽ 254 പ്രോജക്ടുകളാണുണ്ടായിരുന്നത്. മുൻ വർഷത്തെ പൂർത്തീകരിക്കാത്ത 165 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി. പിന്നീട് വിവിധ ഘട്ടങ്ങളിൽ നടന്ന ഭേദഗതികൾക്ക് ശേഷം അന്തിമ പദ്ധതിയിൽ 405 പദ്ധതികളാണ് ഉൾപ്പെട്ടത്.

2020-21 വർഷത്തിൽ ഉത്പാദന മേഖലയിൽ ശ്ലാഘനീയമായ ഇടപെടൽ പഞ്ചായത്ത് നടത്തിയിട്ടുണ്ട്. നിലനിൽക്കുന്ന കോവിഡ് സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ ഭക്ഷ്യ ലഭ്യത ഉറപ്പു വരുത്തുന്നതിന് സുഭിക്ഷ പദ്ധതിയിൽ കൂടുതൽ പ്രോജക്ടുകൾ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതിൽ എടുത്തു പറയാവുന്നത് ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ വീട്ടുവളപ്പിൽ മത്സ്യകൃഷി, ബയോഫ്ലോക്ക് എന്നീ പ്രോജക്ടുകളാണ്. 2021-22 വർഷത്തിലും ഈ പ്രോജക്ടുകൾ തുടർന്നു വരുന്നു.

## 1-5-1 പദ്ധതി രൂപീകരണത്തിലെ അപാകത

പദ്ധതി രൂപീകരണം സംബന്ധിച്ച് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഫയലും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭ എന്നിവയുടെ മിനുട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധനാ വിഷയമാക്കിയതിൽ നിന്നും പഞ്ചായത്തിലെ പദ്ധതി രൂപീകരണ നടപടികളിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികളിൽ പ്രാധാന്യമർഹിക്കുന്നവ ആദ്യം നടപ്പാക്കുന്ന വിധത്തിലാണ് വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടത്. എന്നാൽ ഈ വിധത്തിൽ മുൻഗണന പരിശോധന പഞ്ചായത്തിൽ നടക്കുന്നില്ല. വാർഷിക പദ്ധതിയിൽ വിവിധ ഘട്ടത്തിൽ നടന്ന ഭേദഗതികൾ പരിശോധിച്ചാൽ ആദ്യ പദ്ധതിയിൽ ഉൾപ്പെട്ട 79 പ്രോജക്ടുകൾ ഒഴിവാക്കിയതായി കാണാം. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിവിധ തിയ്യതികളിലെ യോഗങ്ങളിൽ വാർഷിക പദ്ധതിയിൽ ഒഴിവാക്കിയതും, ഭേദഗതി വരുത്തിയതും, പുതുതായി ഉൾപ്പെടുത്തിയതുമായ പ്രോജക്ടുകളുടെ എണ്ണം ചുവടെ കൊടുക്കും പ്രകാരമാണ്.

| യോഗ തിയ്യതി | ഒഴിവാക്കിയ എണ്ണം | ഭേദഗതി ചെയ്തവ | പുതുതായി ഉൾപ്പെടുത്തിയവ |
|---|---|---|---|
| 19.5.20 | 2 | 2 | 7 |
| 3.7.20 | 59 | 63 | 29 |
| 25.9.20 | 5 | 7 | 17 |
| 13.1.21 | 13 | 36 | 13 |

ആദ്യം തയ്യാറാക്കുന്ന വാർഷിക പദ്ധതിയിൽ മുകളിൽ വിവരിച്ച പ്രകാരം വൻതോതിലുള്ള ഒഴിവാക്കലുകൾ /ഭേദഗതികൾ /കൂട്ടിച്ചേർക്കലുകൾ സൂചിപ്പിക്കുന്നത് യഥാർത്ഥ ആവശ്യങ്ങളല്ല പദ്ധതികളായി രൂപപ്പെട്ടു വരുന്നതെന്നും, മുൻഗണന നിശ്ചയിക്കാതെയാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതും എന്നാണ്.

- വാർഷിക പദ്ധതിലുൾപ്പെട്ട പല പദ്ധതികളും ഒഴിവാക്കി യിരിക്കുന്നത്/ ഭേദഗതി ചെയ്തിരിക്കുന്നത് അനുയോജ്യമല്ലാത്ത/ ആവശ്യാനുസൃതമുള്ള തുക വകയിരുത്താത്തതിനാലാണ്. 26.8.2019 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 13 റോഡ് പ്രവൃത്തികൾ ഒഴിവാക്കിയിരിക്കുന്നത് വകയിരുത്തിയ ഫണ്ട് അനുയോജ്യ മല്ലാത്തതിനാലും, 14 പദ്ധതികൾ ഭേദഗതി ചെയ്തിരിക്കുന്നത് അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനുമാണ്. പദ്ധതി രൂപീകരണ വേളയിൽ വിഭവ സ്രോതസ്സ് കണ്ടെത്തുന്നതിൽ ശരിയായ ഇടപെടൽ/ശ്രമം ഉണ്ടാകാത്തതാണ് മേൽ സാഹചര്യത്തിന് കാരണം.

## 1-5-2 നിർവ്വഹണ താമസം ഫണ്ട് നഷ്ടത്തിന് കാരണമായി

പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുന്നതു മൂലം പഞ്ചായത്തിന് ലഭ്യമാക്കാവുന്ന ഫണ്ട് നഷ്ടപ്പെടാനും, ആയത് തുടർവർഷത്തെ ഫണ്ടിൽ നിന്നും നൽകേണ്ട അവസ്ഥയും ഉണ്ടായിട്ടുണ്ട്. 2020-21 വർഷത്തിൽ ചെലവു ശതമാനം പരമാവധിയിൽ എത്തിയിട്ടുണ്ടെങ്കിലും, വർഷാവസാനം പണി പൂർത്തീകരിച്ച് തുക നൽകാൻ തയ്യാറായ (ഡ്രാഫ്റ്റ് ബിൽ തയ്യാറാക്കിയ) രണ്ടു കോടിയോളം രൂപയുടെ പദ്ധതികളുണ്ട്. എന്നാൽ ലഭിച്ച അലോട്ടമെന്റ് തുകയിൽ ബാക്കിയില്ലാത്തതിനാൽ ഇവയെല്ലാം 2021-22 വർഷത്തിലെ ഫണ്ടിൽ നിന്നും നൽകേണ്ടി വന്നു. 2021 മാർച്ച് അവസാന വാരത്തിൽ പഞ്ചായത്ത്

പ്രസിഡന്റ് നേരിട്ട് ഫണ്ടിന്റെ അപര്യാപ്തത സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയെങ്കിലും ഫലമുണ്ടായില്ല. വാർഷിക പദ്ധതിയിലെ ഭൂരിഭാഗം പദ്ധതികളുടേയും നിർവ്വഹണം അവസാന മൂന്ന് മാസങ്ങളിലാണ് നടന്നിട്ടുള്ളത്. അതു കൊണ്ടു തന്നെ ഫണ്ടിന്റെ അപര്യാപ്തത മുൻകൂട്ടി മനസ്സിലാക്കാനും, യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും പഞ്ചായത്തിന് സാധിച്ചില്ല. സാമ്പത്തിക വർഷാവസാനത്തിൽ മാത്രം ഈ ശ്രമം നടത്തിയതിനാൽ ഫലവുമുണ്ടായില്ല. വാർഷിക പദ്ധതികളുടെ നിർവ്വഹണം കലണ്ടർ അടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതിന്റെ/മോണിറ്ററിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകത ഇവിടെ പ്രസക്തമാകുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

2020-21 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 5725 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 8954 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 106481 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 291 |
| 2020-21 വർഷത്തെ ആകെ ചെലവ് തുക | 49960267 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 966 | 1423191 | 1423191 | 1415818 | 8339 |
| കൂലി | | 48544449 | 48544449 | 48544449 | |

ഭരണസമിതിയുടെ തീരുമാനം നം. 4, തീയതി 13.12.2019, തീരുമാനം നം. 3/13 തീയതി 17/06/2020 എന്നിവ പ്രകാരം ആകെ 310 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 142 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് . നടപ്പാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരം താഴെപ്പറയുന്നു

| നടപ്പാക്കിയ പ്രവൃത്തികൾ | എണ്ണം |
|---|---|
| തൊഴുത്ത് നിർമാണം | 15 |
| ആട്ടിൻ കൂട് | 10 |
| Farm Pond | 6 |
| Poultry Shed | 2 |
| Compost | 2 |
| Well Recharge | 3 |
| റോഡ് നിർമ്മാണം | 58 |
| Waterconservation Work | 55 |
| തോട് പുഴ നവീകരണം | 21 |
| ലൈഫ് ഭവനനിർമാണം | 8 |
| Tree Plantation | 1 |
| | 181 |

നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഫയലുകളിൽ ചേർത്തിട്ടില്ല.

പദ്ധതികളുടെ തുടർ മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽ മേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതി | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33240 | 47 |
| കർഷകതൊഴിലാളി വേതനം | 12453300 | 947 |
| വിധവാ പെൻഷൻ | 16294900 | 1204 |
| വികലാംഗ പെൻഷൻ | 6815400 | 478 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 427400 | 33 |
| വാർദ്ധക്യകാല പെൻഷൻ | 33927500 | 2761 |

## 1-8 ക്യാഷ് ബാലൻസ്

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകളെ സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് പറഞ്ഞിട്ടും നിലവിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് മനസ്സിലാകുന്നു.

തൊഴിൽ നികുതി, മാലിന്യ സംസ്കരണം, ഡി & ഒ ലൈസൻസ്, കെട്ടിട നിർമ്മാണം തുടങ്ങി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്റ്റാഫിനെ ഏല്പിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത സംവിധാനം ഫലപ്രദമായി നടക്കുന്നില്ല. പഞ്ചായത്തിലെ അനധികൃത ഫാമും, ഈ വിഷയത്തിലുള്ള വ്യവഹാരങ്ങളും ഇതിനുദാഹരണമാണ്.

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഡെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്ന ഈ രീതിയ്ക്ക് നിലവിലും മാറ്റമില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനട്സ് പരിശോധിച്ചതിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി അവലംബിച്ചു കാണുന്നു. വാങ്ങലുകൾ നടത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

പഞ്ചായത്ത് കക്ഷിയായ കേസുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ ചേർക്കാത്തതിനാൽ കേസുകളുടെ സ്വഭാവം, നിലവിലെ അവസ്ഥ, കേസുകളുടെ എണ്ണം, അന്തിമ വിധി എന്നിവയെക്കുറിച്ചുള്ള വിവരങ്ങളൊന്നും ലഭ്യമല്ല എന്നത് കേസുകളുടെ തുടർനടപടികൾ കൃത്യമായി നിരീക്ഷിക്കുന്നതിന് തടസ്സമാകുന്നു.

മേൽ വിഷയങ്ങളിൽ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-10 മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ കാര്യക്ഷമമല്ല

2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്തിന്റെ മുൻ മൂന്ന വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തൽസ്ഥിതി പരിശോധിക്കുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടുകൾ സമയപരിധിക്കകം ഭരണസമിതി പരിഗണിച്ച് യഥാസമയം പ്രഥമമറുപടി നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും പല പരാമർശങ്ങളുടെയും തുടർനടപടി തൃപ്തികരമല്ല. പ്രധാനപ്പെട്ടവ ചുവടെ കൊടുക്കുന്നു.

- വരവിനങ്ങളായ തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് എന്നീയിനങ്ങളെ സംബന്ധിച്ച അപാകതകൾ നിലവിലും തുടരുകയാണ്. ഇവയുടെ ഡിമാന്റ്, പിരിവ് എന്നിവയുടെ കൃത്യത ഉറപ്പാക്കാനുള്ള സംവിധാനം നിലവിലും പഞ്ചായത്തിലില്ല.
- മുൻവർഷ റിപ്പോർട്ടുകളിൽ തുടർച്ചയായി പ്രതിപാദിക്കുന്ന മറ്റൊരു വിഷയമാണ് പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താത്തതും, ഇതുമൂലം എല്ലാ വർഷവും ഒടുക്കി വരുന്ന വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പാക്കാത്തതും. ഒരോ വർഷവും 12 ലക്ഷത്തിലധികം രൂപ ഈയിനത്തിൽ പദ്ധതികളിലൂടെ ചെലവാക്കി വരുന്നു. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ വാർഡ് ക്ലർക്കുമാർക്ക് ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, തുടർവർഷങ്ങളിൽ ശരിയായ കണക്കിന്മേൽ മാത്രം വെള്ളക്കരം ഒടുക്കുമെന്നുമാണ് അറിയിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് വർഷവും ഈ അവസ്ഥ നിലനിൽക്കുന്നു. 18.05.2019 ലെ ഭരണസമിതി തീരുമാനം 7 പ്രകാരം കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്താൻ വൈസ് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയെങ്കിലും ഈ വിഷയത്തിൽ തുടർ നടപടിയുണ്ടായതായി കാണുന്നില്ല.
- മുൻറിപ്പോർട്ടിൽ പരിഹരിക്കാൻ നിർദ്ദേശിച്ച സ്യൂട്ട് രജിസ്റ്റർ അപൂർണ്ണത സംബന്ധിച്ച അവസ്ഥയും നിലവിലും തുടരുന്നു. നിലവിലും പഞ്ചായത്ത് കക്ഷിയായ പല കേസുകളുടെ വിവരങ്ങളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന അനധികൃത പന്നിഫാമിന്റെ ഉടമ പഞ്ചായത്തിനെ ഒന്നാം കക്ഷിയായി ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം. 5689/2017 നമ്പർ കേസിന്റെ വിവരം സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പിന്നീട് 2019 ൽ ഇതേ വിഷയത്തിൽ പന്നിഫാമിനെതിരെ പരാതിയുന്നയിച്ച ശ്രീ. ദേവസ്യ പഞ്ചായത്തിനെ 4 ഉം, 5 ഉം കക്ഷിയാക്കിയ മറ്റൊരു വ്യവഹാരവും നിലവിലുണ്ട്. ബന്ധപ്പെട്ട കേസ് ഫയലിൽ പഞ്ചായത്ത് സെക്രട്ടറി തയ്യാറാക്കിയ കൗണ്ടർ അഫിഡവിറ്റിന്റെ പകർപ്പ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ഫയൽ ചെയ്തോ എന്നതു സംബന്ധിച്ചും, കേസിന്റെ നിലവിലെ അവസ്ഥയെന്തെന്നും വ്യക്തമല്ല. ( ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-11 കണ്ടാലും )

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ച കാര്യങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ആശാവഹമല്ല. ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്ന പരാമർശങ്ങൾക്ക് ന്യൂനതാ പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നും വസ്തുനിഷ്ഠമായാണ് മറുപടികൾ തരുന്നത് എന്നും ഉറപ്പാക്കേണ്ടതാണ്.

## 1-11 അനധികൃത പന്നി ഫാം - വ്യവഹാരങ്ങളിൽ യഥാസമയം ഇടപെടലുകളില്ല

പഞ്ചായത്തിലെ 18 -ാം വാർഡിൽ തെയ്യപ്പാറ തേക്കിൻതോട്ടം എന്ന സ്ഥലത്ത് ശ്രീ. ബേബി ജോസഫ് എന്നവരുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്ന പന്നിഫാമുമായി ബന്ധപ്പെട്ട് 2013 വർഷം മുതൽ പരാതികളും, വ്യവഹാരങ്ങളും നിലനിൽക്കുന്നു. 2008 മുതൽ പ്രവർത്തിച്ചു വരുന്ന മേൽ ഫാം യാതൊരു നിയമ വ്യവസ്ഥകളും പാലിക്കാതെ നിലവിലും പ്രവർത്തിച്ചു വരുന്നു. മേൽ വിഷയത്തിലുണ്ടായ പ്രധാന നടപടി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

ഫയൽ നമ്പർ എ6-7246/13 പ്രകാരം തെയ്യപ്പാറ നിവാസികൾ പഞ്ചായത്തിനും, ബഹു. ജില്ലാ കളക്ടർക്കും, സർക്കാരിനും മേൽ ഫാമിനെ സംബന്ധിച്ച പരാതികൾ നൽകിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത സമയം ഫാം മലിനീകരണ പ്രശ്നങ്ങളൊന്നും ഉണ്ടാക്കുന്നില്ലെന്നും, ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ഉടമസ്ഥന് നിർദ്ദേശം നൽകുകയും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ

പ്രവർത്തിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നുമുള്ള വിശദീകരണങ്ങളാണ് പഞ്ചായത്ത് ബന്ധപ്പെട്ട ഭരണതലങ്ങളെ അറിയിച്ചിട്ടുള്ളത്.

എന്നാൽ ശ്രീ. കെ. വി. ദേവസ്യ മുതൽ പേർ 2016 ൽ ഇതേ വിഷയത്തിൽ പഞ്ചായത്തിലും, തദ്ദേശ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് 920/16 നമ്പറായും പരാതിപ്പെട്ടിട്ടുണ്ട്. ഈ പരാതി എപ്രകാരം തീർപ്പാക്കപ്പെട്ടുവെന്ന് ഫയലിൽ വ്യക്തമല്ല. 2016 വർഷത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന ഫാം പൊളിച്ച് നീക്കണമെന്ന് കാണിച്ച് ഉടമയ്ക്ക് പല നോട്ടീസുകളും പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. 29.11.2016 ൽ നൽകിയ ബി 6-4220/16 നമ്പർ നോട്ടീസിനെതിരെ ഉടമസ്ഥൻ വക്കീൽ നോട്ടീസ് അയയ്ക്കുകയും, ഈ നോട്ടീസ് 11.1.2017 ലെ പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്ത് പരാതി സംബന്ധിച്ച് പഠിക്കാൻ ഒരു സബ്കമ്മിറ്റിയെ നിയമിക്കുകയും, ഈ സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 25.1.2017 ലെ ഭരണസമിതി തീരുമാനം 14/17(1) പ്രകാരം ഫാം പൊളിച്ച് മാറ്റി പന്നികളെ ലേലം ചെയ്ത് വിൽക്കാനും തീരുമാനിച്ചു. ഈ വിവരം അറിയിച്ച് ഉടമയ്ക്ക് 4.2.2017 ന് നൽകിയ നോട്ടീസിനെതിരെ ഉടമ ബഹു.ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) നം. 5689/2017 ആയി കേസ് ഫയൽ ചെയ്യുകയും, ഇതിൽ ഉടമസ്ഥന് സ്റ്റേ ലഭിക്കുകയും ചെയ്തു.

മേൽ രണ്ടു കേസുകൾ സംബന്ധിച്ച വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2017 ജൂൺ മാസം ശ്രീ. കെ. വി. ദേവസ്യ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് 4812/2017 നമ്പറായി പരാതി നൽകുകയും, പന്നി ഫാം നിയമപ്രകാരമല്ലെന്നും, പരിസരവാസികൾക്ക് ഹാനികരമാമെന്നും ബോധ്യമായ സാഹചര്യത്തിൽ പന്നിഫാം ഉടമയ്ക്ക് നോട്ടീസ് നൽകി അയാൾക്ക് പറയാനുള്ളത് കേട്ടശേഷം അനധികൃതമായി പ്രവർത്തിക്കുന്ന ഫാം അടച്ചു പൂട്ടാനും, മറ്റ് നിയമപരമായ നടപടി സ്വീകരിക്കാനും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ച് 25.10.2018 ൽ പരാതി തീർപ്പാക്കി.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 19.12.2018 ന് എ3-8559/18 നമ്പർ കത്തു മുഖേന പന്നിഫാം അടച്ചുപൂട്ടാൻ ആവശ്യപ്പെട്ട് ഉടമയ്ക്ക് നോട്ടീസ് നൽകിയതിന്, പന്നിഫാം നിയമാനുസൃതമായി പ്രവർത്തിക്കാൻ തയ്യാറാണെന്നും, ആവശ്യമായ മലിനജല ശുദ്ധീകരണ സംവിധാനം ഒരുക്കാനായി ഒരു മാസം സമയം അനുവദിക്കണമെന്നും കാണിച്ച് 26.12.2018 ന് ഉടമ പഞ്ചായത്തിന് മറുപടി നൽകി. മേൽ കാര്യങ്ങൾക്ക് പഞ്ചായത്ത് സമയം അനുവദിച്ചെങ്കിലും, ഇദ്ദേഹം കെട്ടിട നിർമ്മാണത്തിനും (ക്രമവത്കരണം), ഫാം ലൈസൻസിനുമായി സമർപ്പിച്ച അപേക്ഷകളെല്ലാം നിയമാനുസൃതമല്ലാത്തതിനാൽ നിരസിക്കുകയാണുണ്ടായത്. തുടർന്ന് 2019 മേയ് മാസത്തിൽ പഞ്ചായത്ത് വെറ്ററിനറി സർജനും, മെഡിക്കൽ ഓഫീസർക്കും ഫാമിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും, അടച്ചു പൂട്ടുമ്പോൾ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ചും റിപ്പോർട്ട് തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ട് കത്തു നൽകിയിട്ടുണ്ട്. ഫാമിന്റെ അനാരോഗ്യകരമായ നിലവിലെ സ്ഥിതി വിവരിച്ച് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും പിന്നീട് നടന്നിട്ടില്ല.

മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവുണ്ടായിട്ടും അധികാരികളിൽ നിന്ന് അനുകൂല ഇടപെടൽ ഉണ്ടാകാതിരുന്നതിനാൽ പരാതിക്കാരൻ ശ്രീ. ദേവസ്യ ഡബ്ല്യൂ.പി.(സി) നമ്പർ 10798/17 നമ്പറായി പഞ്ചായത്തിനെ മൂന്നും, നാലും കക്ഷിയാക്കി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനത്തിനെതിരെ തുടർനടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് ബോർഡിന്റെ എൺവയോൺമെന്റൽ എഞ്ചിനീയർ 22.2.2021 ന് നൽകിയ പി.സി.ബി./കെ.കെ.ഡി./ഡി.ഒ/3440/2013 നമ്പർ കത്തിന്റെയടിസ്ഥാനത്തിൽ ഫാം അടച്ചു പൂട്ടുന്നതിന് ഉടമയ്ക്ക് 17.3.2021 ൽ നൽകിയ കത്താണ് ഈ വിഷയത്തിൽ അവസാനമായി ഉണ്ടായിട്ടുള്ള നടപടി. ഫാം നിലവിലും പ്രവർത്തിച്ചു വരുന്നതായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ കത്തിൽ നിന്നും വ്യക്തമാണ്.

2017 ൽ പഞ്ചായത്ത് നടത്താനിരുന്ന ലേല നടപടിക്കെതിരെ ഉടമയ്ക്ക് ലഭിച്ച സ്റ്റേ ഒഴിവാക്കാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് എന്തു നടപടിയുണ്ടായി എന്ന് വ്യക്തമല്ല. പ്രസ്തുത കേസിന് കൗണ്ടർ അഫിഡവിറ്റ് പോലും തയ്യാറാക്കി നൽകിയതായി ഫയലിൽ കാണുന്നില്ല. പരാതിക്കാരനായ ശ്രീ. ദേവസ്യ ഫയൽ ചെയ്ത കേസിന് കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കിയത് ഫയലിലുണ്ടെങ്കിലും ആയത് ഫയൽ

ചെയ്തിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല. തയ്യാറാക്കിയ കൗണ്ടർ അഫിഡവിറ്റിൽ എവിടെയും ഉടമയുമായി നിലനിൽക്കുന്ന കേസ് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല.

ഉടമയുമായി നിലനിൽക്കുന്ന കേസിൽ പഞ്ചായത്ത് നൽകിയ അഫിഡവിറ്റിന്റെ പകർപ്പും, സ്റ്റേ ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിവരവും, പരാതിക്കാരന്റെ കേസിന്റെ നിലവിലെ സ്ഥിതിയും ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപെടുന്ന ലൈസൻസ് നൽകലും/നിയന്ത്രണാധികാരവും എന്നതിന്റെ പരാജയമാണ് ഈ വിഷയത്തിലൂടെ പ്രതിഫലിക്കുന്നത്. അനധികൃതമായി പൊതുജനങ്ങൾക്ക് ഹാനികരമായി പ്രവർത്തിക്കുന്ന പന്നിഫാം അടച്ച് പൂട്ടാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും, ഈ വിഷയത്തിലെ വ്യവഹാരങ്ങൾ തീർപ്പാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ - നികുതി നിർണയത്തിലെ അപാകത - വരുമാന നഷ്ടം സഭവിക്കുന്നു

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 14.01.2011 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ (അ) 19/2011/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം, 24.02.2015 ലെ സ.ഉ. (അ) 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, പാർപ്പിടാവശ്യത്തിന്റെ ഉപവിഭാഗമായി സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, എന്നിവക്ക് ബാധകമായ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. തറ വിസ്തീർണ്ണം ചതുരശ്രമീറ്ററിന് 40 രൂപയാണ് ഹോസ്റ്റലുകൾക്ക് നികുതി നിരക്കായി പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. സഞ്ചയയിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന കെട്ടിടത്തിന്റെ ഉപയോഗ ക്രമം ഹോസ്റ്റൽ ആണെന്ന് വ്യക്തമാണ്. എന്നാൽ ഈ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നികുതിയാണ് ചുമത്തിയിട്ടുള്ളത് ഇത് മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

ഉദാ-

| കെട്ടിട നമ്പർ/ കെട്ടിട ഉടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2016 ഒന്നാം അർദ്ധവർഷം മുതൽ) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കി. നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർദ്ധനവും അടക്കം) + ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം ) + ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 21/313 B<br>1) ശ്രീ. മുഹമ്മദ് അഷ്‌റഫ് എ. എം, ന്യൂ ഉരുത്തി, മാലാങ്കുന്ന്, ബേക്കൽഗ്.<br>2) ശ്രീ. മുഹമ്മദ് നിസ്സാർ, പുത്തൻ പുരക്കൽ വീട്, തിരുവമ്പാടി<br>3) ശ്രീ. സലാഹുദ്ദീൻ, ചെറുകടത്ത് വളപ്പിൽ, മേപ്പാടി<br>4) ശ്രീ. ഹാസിഫ് പി, | 2138.18 | 4 | മേഖല ഇളവ് 10%<br>വഴി സൗകര്യം 20% വർദ്ധനവ്<br>തറ നിർമിതി 15% വർദ്ധനവ്<br>10691 + 535 = 11226 | 40 | 106909 + 5346 = 112255 | 2016-17- 96218+4811=101029<br>2017-18- 96218+4811=101029<br>2018-19- 96218+4811=101029<br>2019-20- 96218+4811=101029<br>2020-21- 96218+4811=101029<br>----------------------------<br>481090+24055=505145 |

| | | | | | | |
|---|---|---|---|---|---|---|
| സൈനബാസ്, കോലഞ്ചേരി പി. ഒ | | | | | | |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. ( ഓഡിറ്റ് കാലയളവിലെ നഷ്ടം 101029/- രൂപ ( 96218 + ഗ്രന്ഥശാലാവരി 4811 രൂപ ).

## 1-13 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു

2011 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് തറ വിസ്തീർണ്ണം ചതുരശ്രമീറ്ററിന് 40/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. തൻ വർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പത്രിക (ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ് / ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതിദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഉദാ-

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കാവുന്ന നികുതി നിരക്ക് |
|---|---|---|
| 6/188 A ,B ,C<br>ശ്രീ. ജോസഫ്, അവന്നൂർ, നെല്ലിപ്പൊയിൽ, മീമുട്ടി, 673580. | 4 | 40 |
| 14/142 S,T,U,V,W,X,Y<br>ശ്രീ. ആന്റണി എം. ഡി,<br>മേനമ്പടത്ത്, കോടഞ്ചേരി. | 4 | 40 |
| 20/275 A,B, C,D<br>ശ്രീമതി. ഫിലോമിന, മാതേയ്ക്കല്, കണ്ണോത്ത്, 673580 | 4 | 40 |
| 17/395C,D,E,F<br>ശ്രീ. സിജോ ജോർജ്ജ്, കാരിക്കൊമ്പിൽ, കോടഞ്ചേരി. | 4 | 40 |
| 24/225 D,E<br>ശ്രീ. നൗഫൽ, നസീമത്ത്, അരേറ്റിൻ ചാലിൽ, ചുടലമുക്ക്, കോടഞ്ചേരി. | 4 | 40 |

പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. ഇതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. തനത് വരുമാനം നഷ്ടമാകുന്ന ഈ നടപടിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടലും വിശദീകരണവും പ്രതീക്ഷിക്കുന്നു.

## 1-14 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം ( Plinth Area ) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതു മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 6/308<br>ശ്രീ. ബെന്നി കുര്യൻ, വാകത്തടത്തിൽ, മീമുട്ടി, 673580,<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി – 2018 ഒന്നാം അർദ്ധവർഷം മുതൽ) | 128.83<br>(113.83 പുതിയത് 15 ച. മി പഴയത്) | 50 | (വഴി സൗകര്യം 20% വർദ്ധനവ് )<br>മേൽക്കൂര ഇളവ് 10% മേഖല ഇളവ് 10%, കാലപ്പഴക്കം 10%)<br>5253<br>( 5123 + 130 പഴയത് )<br>263 = 5516 | 60 | വഴി സൗകര്യം 20%വർദ്ധനവ്,)<br>മേൽക്കൂര ഇളവ് 10%മേഖല ഇളവ് 10%)<br>6960<br>(6830+130 പഴയത്)<br>+ 348=7308 | 2018-19 – 1707+85=1792<br>2019-20– 1707+85=1792<br>2020-21– 1707+85=1792<br>Total= 5121+255 =5376 |
| 10/609 C<br>സെക്രട്ടറി, കോടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്, കോടഞ്ചേരി, കോടഞ്ചേരി-<br>(നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2018 ഒന്നാം അർദ്ധവർഷം മുതൽ) | 134.5 | 50 | മേഖല ഇളവ് 10%,<br>6053 + 303 = 6356 | 60 | മേഖല ഇളവ് 10%,<br>7263+363 =7626 | 2018-19- 1210+60=1270<br>2019-20- 1210+60=1270<br>2020-21- 1210+60=1270<br>Total= (3630+180) =3810 |

| | | | | | | |
|---|---|---|---|---|---|---|
| 13/564-G2<br>ശ്രീ. ഉലഹന്നാൻ,<br>എലഞ്ഞനാക്കുഴി,<br>,മൈക്കാവ്,<br>673573 | 214.91 | 50 | (വഴി സൗകര്യം 20% വർദ്ധനവ് )<br>12895 + 645 =13540 | 60 | (വഴി സൗകര്യം 20%വർദ്ധനവ്,)<br>15474 + 774 = 16248 | 2014-15- 2579+129=2708<br>2015-16- 2579+129=2708<br>2016-17- 2579+129=2708<br>207-18- 2579+129=2708<br>2018-19- 2579+129=2708<br>2019-20- 2579+129=2708<br>2020-21- 2579+129=2708<br>Total = (18053+903) =18956 |
| 20/156 J<br>ശ്രീ. ഡോൺ സണ്ണി, ഊരോത്ത്, കണ്ണോത്ത്, കണ്ണോത്ത്, 673580, | 257.05 | 50 | വഴി സൗകര്യം 20% വർദ്ധനവ്)<br>മേഖല ഇളവ് 10%, ബഹുനില കെട്ടിടം 5%)<br>13432 + 672 = 14104 | 60 | വഴി സൗകര്യം 20% വർദ്ധനവ്,)<br>മേഖല ഇളവ് 10%, ബഹുനില കെട്ടിടം 10%)<br>16118 + 806 =16924 | 2018-19- 2686+134=2820<br>2019-20- 2686+134=2820<br>2020-21- 2686+134=2820<br>Total= (8058+402) = 8460 |
| | | | | | ആകെ | 34862+1740= 36602 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 8590/- രൂപ (8182 ഗ്രന്ഥശാലാവരി 408 രൂപ).

## 1-15 60 ച. മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ (എം.എസ്) 358/15 തി. 16.12.2015 എന്നിവ പ്രകാരം 60 ച. മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും, 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച. മി യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 4/201 | 77ച.മീ | ശ്രീ. തോമസ്, കാരുവേലിൽ, ചെമ്പുകടവ്, 673580 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 4/459 | 87.27 | ശ്രീമതി. സിന്ധു ശശി,<br>ശശി. ഒ. കെ, ഒതയ മംഗലത്ത്, മീമുട്ടി, 673580 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 6/229 | 96 | ശ്രീ. സിബി ജോസഫ്, | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | അന്നമ്മ, പ്ലാക്കൂട്ടത്തിൽ, നെല്ലിപ്പൊയിൽ, മീമുട്ടി, 673580 | |
| 4 | 12/162 A | 288 | ശ്രീ. സാജൻ ജെയിംസ്, മണ്ണാറുകുന്നേൽ, വേളങ്കോട്, 673580 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 12/207 | 94 | ശ്രീ. എം. കെ. ബേബി, മുറിമറ്റത്തിൻ, വേളങ്കോട്, 673580 | രേഖപ്പെടുത്തിയിട്ടില്ല |

കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-16 സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം. 27 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം. 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | 371110 |
| പൊതു ടാപ്പുകൾ | 101063 |
| ആകെ | 472173 |

സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്

## 1-17 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 ഒന്ന്/രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| വാർഡ് നം./സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| ഫോറസ്റ്റ് റേഞ്ച് ഓഫീസ് താമരശ്ശേരി | 2 -ാം അർദ്ധ വർഷം |
| സെന്റ് ജോർജ് എൽ. പി. എസ് തെയ്യപ്പാറ | 2 -ാം അർദ്ധ വർഷം |
| വിമല ഹോസ്പിറ്റൽ, നെല്ലിപ്പൊയിൽ | 2 -ാം അർദ്ധ വർഷം |
| ഹോട്ടൽ തുഷാര ഇന്റർ നാഷനൽ | ഒന്നാം അർദ്ധ വർഷം |
| പോസ്റ്റ് ഓഫീസ്, കൂടത്തായി | ഒന്നാം അർദ്ധ വർഷം |
| പോസ്റ്റ് ഓഫീസ്, നൂറാംതോട് | പോസ്റ്റ് ഓഫീസ് |
| മർകസ് ലോ കോളേജ് | 2 -ാം അർദ്ധ വർഷം |
| മർകസ് യൂനാനി മെഡിക്കൽ കോളേജ് | 2 -ാം അർദ്ധ വർഷം |
| യൂനിവേർസൽ എന്റർപ്രൈസസ്, കൂടത്തായി | ഒന്നാം അർദ്ധ വർഷം |
| ഹാപ്പിടോപ് ഹൽവ യൂനിറ്റ്, തെയ്യപ്പാറ | ഒന്നാം അർദ്ധ വർഷം |
| ഇംടിബിഷ് ടാലന്റ് ട്രൈനിങ് ഇൻസ്റ്റിറ്റ്യൂട്ട് | 2 -ാം അർദ്ധ വർഷം |

| | |
|---|---|
| കള്ള് ഷോപ്പ്, തോട്ടുമുഴി | ഒന്നാം അർദ്ധ വർഷം |
| ഫമിലിയ ഫുഡ് പ്രോഡക്ട്, മുറമ്പാത്തി | 2 -ാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്ന്/ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-18 ഏഫ്. ടി. ഇ. എ & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

1) കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1 -ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു

100 ച. മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ ----------2005

100 ച. മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് ----------------78

200 ച. മി ക്ക് മുകളിൽ വിസ്തൃതിയുള്ള

ഷോപ്പിങ് മാളുകൾ-------------------------------------2

വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെന്റർ ----------------11

വ്യവസായിക ആവശ്യത്തിനുള്ളത് -----------------268

ഇതര വ്യവസായത്തിനുള്ളത് -------------------------38

റിസോർട്ട് -------------------------------------------09

ആകെ ----------------------------------------2511

വേക്കൻസി റെമിഷൻ------------------------- -- 293

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2511 കെട്ടിടങ്ങൾ ഉണ്ട്. അതിൽ 293 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റെമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻ വർഷം 540 പേർ മാത്രമാണ് ഏഫ്. ടി. ഇ. എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. ഇക്കാര്യം ഇതുവരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 റോഡ് നിർമാണത്തിന് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗം - മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല

20.01.2016 ലെ സംസ്ഥാന തല വികേന്ദ്രീകാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ 2.3 നമ്പർ

തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% പ്രത്യേകമായി മാറ്റി വെച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാറു ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതും ഐ. ആർ. സി സ്പെസിഫിക്കേഷൻ 98-2013 പ്രകാരം വേസ്റ്റ് പ്ലാസ്റ്റിക്ക് റോഡ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന്റെ നടപടിക്രമങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/4620/12/സി.ഇ/ത.സ്വ.ഭ.വ നമ്പറിലുള്ള 18.05.2016 – ലെ സർക്കുലറിനോടൊപ്പം ഐ. ആർ. സി സ്പെസിഫിക്കേഷൻ അവലംബിച്ച് VG-10, VG-30 എന്നീ ബിറ്റുമിൻ ഉപയോഗിച്ചുള്ള ചിപ്പിംഗ് കാർപ്പറ്റിന്റെ ഡാറ്റ MORD സ്പെസിഫിക്കേഷൻ ഉപയോഗിച്ച് തയ്യാർ ചെയ്ത നിരക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ റോഡുകൾ ടാറു ചെയ്യുന്നതിനുള്ള പദ്ധതികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. ഈ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 22/27.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 മുഖാന്തിരം അറിയിച്ചിരിക്കുന്നത് നടപ്പ് സാമ്പത്തിക വർഷത്തിലെ റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കും എന്നാണ്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-20 നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല

2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൂവത്തിൻചുവട്ട പെലക്കടിപടി വട്ടച്ചുവട്ട റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാങ്കേതിക അനുമതി, സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ് സെലക്ഷൻ നോട്ടീസ് തിയതി മുതൽ 8 മാസമാണ്. എഗ്രിമെന്റ് നം. 86/03.01.2018 പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ടത് 02.09.2018 ൽ ആണ്. എന്നാൽ അളവ് പുസ്തകം 127/19-20 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 30.05.2020 ൽ ആണ്. ബിൽ നമ്പർ 137/28.03.2021 പ്രകാരം അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|
| 02.09.2018 | 30.05.2020 | 03.09.18 മുതൽ 02.12.18 വരെ - 400000 X 1% = രൂ.4000<br>03.12.18 മുതൽ 02.03.19 വരെ - 400000 X 2% = രൂ.8000<br>03.03.19 മുതൽ 02.06.19 വരെ - 400000 X 2% = രൂ.8000<br>03.06.19 മുതൽ 02.09.19 വരെ - 400000 X 2% = രൂ.8000<br>03.09.19 മുതൽ 02.12.19 വരെ - 400000 X 2% = രൂ.8000 |

| | | |
|---|---|---|
| | | 03.12.19 മുതൽ 02.03.20 വരെ - 400000 X 2% = രൂ.8000<br>03.03.20 മുതൽ 30.05.20 വരെ - 400000 X 2% = രൂ.8000 |
| | ആകെ | രൂ. 52000/- |

ഫൈനൽ ബിൽതുക അനുവദിച്ചപ്പോൾ പിഴത്തുക ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനോടൊപ്പം കരാറുകാരനിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 37/28.07.2021 – ന് മറുപടി സമർപ്പിച്ചിട്ടില്ല.

**1-21 നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമക്കാത്ത കരാറുകാരുടെ ടെണ്ടർ റദ്ദ് ചെയ്യാതെ കരാർ ചമക്കാൻ അനുവദിച്ച**

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട് കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, 2020-21 സാമ്പത്തിക വർഷം, താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ മേൽ പറഞ്ഞ 14-ഉം, ചിലത് 24-ഉം ദിവസത്തിന് ശേഷമാണ് ചമച്ചിരിക്കുന്നത് :

| പ്രോജക്ട് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക | ഈടാക്കാവുന്ന പിഴ |
|---|---|---|---|---|---|
| 261/20-21- ചെമ്പുകടവ് തേക്കിൻതോട്ടം ചെത്തിപുഴപടി കൾവർട്ട് | ശ്രീ. പി. സി. മൊയ്തീൻ | 30.11.19 | 14.02.19 | 01.01.20 രൂ.300000 | രൂ.3000 |
| 267/20-21 – പള്ളിപ്പടി ചെമ്പുകടവ് റോഡ് | ശ്രീ. എം. ഡി. ഇർഷാദ് | 28.10.19 | 11.11.19 | 12.12.19 രൂ.500000 | രൂ.5000 |
| 269/20-21 – മർക്കോസുപടി കൊക്കോട്ടമല റോഡ് സംരക്ഷണ ഭിത്തി | ശ്രീ. ആദായി കെ. വി | 28.10.19 | 11.11.19 | 10.12.20 രൂ.500000 | രൂ.5000 |
| 290/20-21 – മനയത്തുകുടി കുളത്തുർപടി റോഡ് | ശ്രീ. പി. ബാലകൃഷ്ണൻ | 28.10.19 | 11.11.19 | 07.12.19 രൂ.600000 | രൂ.6000 |
| 293/20-21 – ചെമ്പുകടവ് കോഴിക്കോടൻ ചാൽ റോഡ് | ശ്രീ. കെ. എം. ഗോപാലകൃഷ്ണൻ | 28.10.19 | 11.11.19 | 05.12.19 രൂ.550000 | രൂ.5500 |
| 308/20-21 – വിമല ഹോസ്പിറ്റൽ കപ്പോൾ കോളനി റോഡ് | ശ്രീ. കെ. എം. ഗോപാലകൃഷ്ണൻ | 28.10.19 | 11.11.19 | 13.12.19 രൂ.325000 | രൂ.3250 |
| 325/20-21- കോളേജ്പടി ഡിപ് | ശ്രീ. ആദായി | 23.07.19 | 06.08.19 | 09.08.19 | രൂ.3000 |

| | | | | | |
|---|---|---|---|---|---|
| ഇത്താക്ക കോളനി റോഡ് റീടാറിംഗ് | കെ. വി | | | രൂ.300000 | |
| 337/20-21 – നിരന്നപാറ പൂവള്ളി റോഡ് കലുങ്ക് നിർമ്മാണം | ശ്രീ. മത്തായി സി. ജെ | 28.10.19 | 11.11.19 | 12.12.19 രൂ.500000 | രൂ.5000 |
| 352/20-21 – ശാന്തിനഗർ കുറ്റൂർ റോഡ് | ശ്രീ. മത്തായി സി. ജെ | 28.10.19 | 11.11.19 | 03.01.20 രൂ.906000 | രൂ.9060 |
| 357/20-21 – മില്ലുംപടി മേരിലൻഡ് പടി റോഡ് | ശ്രീ. പി. ബാലകൃഷ്ണൻ | 28.10.19 | 11.11.19 | 07.12.19 രൂ.765000 | രൂ.7650 |
| 358/20-21 – മുണ്ടൂർ കണ്ടപ്പൻചാൽ റോഡ് റീടാറിംഗ് | ശ്രീ. കെ. എം. ഗോപാലകൃഷ്ണൻ | 28.10.19 | 11.11.19 | 05.12.19 രൂ.600000 | രൂ.6000 |
| 359/20-21 – ഫോറസ്റ്റ് ഓഫീസ് വെള്ള്മറ്റം പടി റോഡ് | ശ്രീ. പി. ബാലകൃഷ്ണൻ | 28.10.19 | 11.11.19 | 07.12.19 രൂ.600000 | രൂ.6000 |
| 360/20-21 – പുതുശ്ശേരിപടി കാളിറാവ് റോഡ് ടാറിംഗ് | ശ്രീ. കെ. എം. ഗോപാലകൃഷ്ണൻ | 28.10.19 | 11.11.19 | 05.12.19 രൂ.600000 | രൂ.6000 |
| 386/20-21 – നാരങ്ങാത്തോട് രാജീവ് ഗാന്ധി റോഡ് | ശ്രീ. എം. ഡി. ഇർഷാദ് | 28.10.19 | 11.11.19 | 12.12.19 രൂ.675000 | രൂ.6750 |
| 398/20-21 – പഞ്ചായത്ത് ഓഫീസ് റീവയറിംഗ് | ശ്രീ. കെ. ബി. ശിവപ്രതാപൻ | 28.10.19 | 11.11.19 | 03.01.20 രൂ.375000 | രൂ.3750 |
| 407/20-21 – നൂറാംതോട് സ്കൂൾ പാലക്കൽ റോഡ് | ശ്രീ. അബ്ദുൾ സത്താർ | 28.10.19 | 11.11.19 | 18.12.19 രൂ.1151668 | രൂ.11516 |

മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷം കരാർ ചമച്ചില്ലെങ്കിൽ അപ്രകാരമുള്ള ടെൻഡർ റദ്ദാക്കുകയും EMD കണ്ട് കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണെന്ന നിബന്ധന പാലിക്കാതേയും പിഴ ഈടാക്കാതേയും അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. ടി വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 30/28.07.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-22 മോണിട്ടറിംഗ് സമിതി റിപ്പോർട്ടുകളില്ല

2020-21 സാമ്പത്തിക വർഷം അസി. എഞ്ചിനീയർ നടപ്പാക്കുന്നതിനായി 262 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 196 പദ്ധതികളാണ് പൂർത്തീകരിച്ചത്. ആയതിൽ ഏതാനും പദ്ധതികൾ ഒഴികെ ബാക്കിയുള്ളവയുടെ കാര്യത്തിൽ മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ലാതെ തന്നെ അളവ് ബുക്ക് പ്രകാരമുള്ള തുക പൂർണ്ണമായി നൽകിയിരിക്കുന്നു.

മെമ്പർമാരും കൺവീനറും ഉൾപ്പെടുന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. തൻവർഷം ഒരു തവണ പോലും വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടില്ല എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്.

നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾ, നടപ്പാക്കിയ പദ്ധതികളുടെ അവലോകനം, മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട മറ്റ് പ്രധാന കാര്യങ്ങൾ എന്നിവ വർക്കിംഗ് ഗ്രൂപ്പിന്റെ അടിയന്തിര പരിഗണനാവിഷയങ്ങളാണ്. ഫലത്തിൽ പദ്ധതി രൂപീകരണത്തിലും പ്രവർത്തനങ്ങളിലും കാര്യമായ യാതൊരു ഇടപെടലും വർക്കിംഗ് ഗ്രൂപ്പ് / മോണിട്ടറിംഗ് സമിതി നടത്തുന്നില്ല എന്ന് വ്യക്തമാണ്.

അന്വേഷണക്കുറിപ്പ് നം. 20/27.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 തൃപ്തികരമല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതു ന്യൂനതകൾ

1.പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

2.കാഷ്ബുക്ക് - സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസു ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

3.പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

4.പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.

5.ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7.അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 8/26.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 മുഖാന്തിരം അറിയിച്ചിരിക്കുന്നത് ഓഡിറ്റിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊള്ളാം എന്നാണ്. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-24 കരാറുകാരുടെ ജി. എസ്. ടി ഇൻവോയിസ് ലഭ്യമല്ല

മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി. എസ്. ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി. എസ്. ടി. ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി. എസ്. ടി. കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ വേലമൂല്യത്തിൽ നിന്ന് 2% ജി. എസ്. ടി, ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി. എസ്. ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി. എസ്. ടി. ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൻവോയിസുകൾ ഇല്ലാതെ തന്നെ ജി. എസ്. ടി. ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17/27.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 തൃപ്തികരമല്ല.

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ മരാമത്ത്പ്രവൃത്തികൾ പൂർത്തിയാക്കി തുക കൈപ്പറ്റിയ കരാറുകാരുടെ ജി. എസ്. ടി. ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തി വിവരം അറയിക്കേണ്ടതാണ്.

## 1-25 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

### എ) ജി. എസ്. ടി പരിഹാരതുക ഒരിക്കൽ ഉൾപ്പെടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്.

സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ

ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4- ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണ്. ഓവർ ഹെഡ്സ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി. എസ്. റ്റി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6 - ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി. എസ്. റ്റി യുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതിൻപ്രകാരം ജി. എസ്. റ്റി – യ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി. എസ്. റ്റി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ്സ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) /ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി ഒരിക്കൽ നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി. എസ്. ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നല്കലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.

ബി) <u>വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവർത്തികൾക്കും നൽകുന്നു</u>

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതു വഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ മരാമത്തു പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കിയ കരാറുകാർക്ക് അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം

ആവശ്യമാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19/27.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 തൃപ്തികരമല്ല. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-26 മരാമത്ത് പണികൾ - പി.ഡബ്ള്യു.ഡി മാന്വൽ വ്യവസ്ഥകൾ - പാലിക്കപ്പെടുന്നില്ല

1997 – ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം – 18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012 - ലെ ജി.ഒ.(പി)നം. 13/12/പി.ഡബ്ള്യു.ഡി – ഉത്തരവ് പ്രകാരം പുതുക്കിയ പി.ഡബ്ള്യു.ഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ – ഉത്തരവ് പ്രകാരം, പുതുക്കിയ പി.ഡബ്ള്യു.ഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പി.ഡബ്ള്യു.ഡി – ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014 – ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ – ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തന കലണ്ടർ കരാറുകാർ സമർപ്പിക്കുന്നില്ല.

2012 ലെ പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) മിക്ക അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപെടുന്നില്ല. ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 16/27.07.2021-ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 മുഖാന്തിരം അറിയിച്ചിരിക്കുന്നത് PWD മാന്വൽ വ്യവസ്ഥകൾ പാലിക്കാൻ ഇനിമേൽ ശ്രദ്ധിച്ചുകൊള്ളാമെന്നാണ്. ടി വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

1-27 ഇ - ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല

2020-21 സാമ്പത്തിക വർഷംവരെ ഇ – ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ 2020-21 സാമ്പത്തിക വർഷം വരെ ലഭിക്കുവാനുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 10/26.07.2021-ന് സമർപ്പിച്ച മറുപടി നം. 105/28.07.2021-ൽ അറിയിച്ചിരിക്കുന്നത് തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നാണ്. തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

1-28 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി. എസ്. ടി കോമ്പൻസേഷൻ

അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി. എസ്. ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2020-21 ൽ ജി. എസ്. ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം. 2532/2018/തസ്വഭവ ഉത്തരവിൽ ജി. എസ്. ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21 ൽ ജി. എസ്. ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി. എസ്. ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി. എസ്. ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കി വിവരം അറിയിക്കുന്നതിനോടൊപ്പം അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്. ഈ വിഷയത്തിൽ നൽകിയ അന്വേഷണക്കുറിപ്പ് നം. 9/26.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 തൃപ്തികരമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-29 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 84/20-21 | ചെമ്പുകടവ് തേക്കിന്തോട്ടം റോഡ് | 400000 | 399600 |
| 101/20-21 | കുരോട്ട്പാറ കൊല്ലശ്ശേരിപ്പടി റോഡ് | 188000 | 188000 |
| 102/20-21 | കുരോട്ട്പാറ കണ്ടത്തിൽപ്പടി റോഡ് | 200000 | 199974 |
| 122/20-21 | വാഴേപ്പറമ്പിൽ മേക്കോട്ടുപടി റോഡ് | 170600 | 170578 |
| 123/20-21 | കൊല്ലപ്പടി മാമ്പറ്റപ്പാറ റോഡ് | 174000 | 174000 |
| 159/20-21 | ചാമുണ്ഡി ജംഗ്ഷൻ തിനവിളയിൽ റോഡ് | 300000 | 291534 |
| 205/20-21 | ചിപ്പിലിത്തോട് കമ്പംവേലിപ്പടി റോഡ് | 319560 | 236249 |
| 311/20-21 | കുരോട്ട്പാറ മല്ലിപ്പാറ റോഡ് | 200000 | 173400 |
| 327/20-21 | പുതുപ്പറമ്പിൽപ്പടി മഠത്തിൽപ്പടി റോഡ് | 239300 | 200000 |
| 416/20-21 | കളപ്പാട്ട്പടി ക്വാറി റോഡ് | 200000 | 163902 |
| 417/20-21 | സി.എച്ച്.സി കോളനി റോഡ് | 200000 | 181554 |
| 475/20-21 | കോതപ്ലാക്കൽ വാദ്യാപ്പിള്ളി വെട്ടിലോട്ടിൽപടി റോഡ് | 174800 | 174800 |

പ്രവർത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11 ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ്

കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. പ്രസ്തുത വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചിട്ടില്ല.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-30 സ്പിൽ ഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല

ചുവടെ ചേർക്കുന്ന പദ്ധതികൾ 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് | അടങ്കൽ(രൂ.) |
|---|---|---|---|
| 1 | 379/20-21 | തുഷാരഗിരി കുടിവെള്ള പദ്ധതി | 500000 |
| 2 | 381/20-21 | നൂറാംതോട് പി. എം മുഹമ്മദ് മെമ്മോറിയൽ റോഡ് | 102000 |
| 3 | 390/20-21 | കാട്ടിപ്പൊയിൽ കുടിവെള്ള പദ്ധതി പൈപ് ലൈൻ | 25000 |
| 4 | 396/20-21 | ശ്മശാനം നിർമ്മാണം | 1413360 |
| 5 | 399/20-21 | മുറംപതി സ്കൂൾ ക്ലാസ്റൂം നിർമാണം | 1500000 |
| 6 | 408/20-21 | മരുതിലാവ് കലമാൻപാറ റോഡ് | 300000 |
| 7 | 425/20-21 | നിരന്നപാറ വരിക്കോട്ടൂർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 300000 |
| 8 | 428/20-21 | ചുണ്ടക്കുന്ന് നെടുംകണ്ട് കാപ്പാട്ടുമല റോഡ് സൈഡ് കെട്ടൽ | 162000 |
| 9 | 432/20-21 | കുരിശ്ശിങ്കൽ കുടിവെള്ള പദ്ധതി | 300000 |

2020-21 വർഷത്തെ അകെ 262 പൊതുമരാമത്ത് പദ്ധതികളിൽ 132 എണ്ണവും സ്പിൽ ഓവർ പദ്ധതികളായിരുന്നു. മുൻ വർഷങ്ങളിൽ ഏക വർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്ത പദ്ധതികളിൽ 9 പദ്ധതികൾ നിർവ്വഹണത്തിനായി ഒരു അധിക വർഷം ലഭിച്ചിട്ടും നിർവ്വഹണം നടത്തുന്നതിന് സാധിച്ചിട്ടില്ല. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ 4602360/- രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

സ്പിൽ ഓവർ പദ്ധതികൾക്ക് ഭരണ-സാങ്കേതിക അനുമതികൾ മുൻകൂറായി ലഭിച്ചിരുന്ന സാഹചര്യത്തിലും പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തി നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി പ്രവർത്തനങ്ങളിൽ ഇടപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിലുള്ള പങ്ക് വഹിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായതിനാൽ നടപ്പ് വർഷം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ പദ്ധതിയും അടങ്കൽ തുകയും നഷ്ടപ്പെടുന്ന സാഹചര്യം മുൻനിർത്തി മുൻഗണനാ ക്രമത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികളുണ്ടായില്ല.

മേൽ പദ്ധതികൾ പൂർത്തിയാക്കാത്തതു കാരണം തൻ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 4602360/- രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ആയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ടി വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 18/27.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 പദ്ധതികൾ പൂർത്തിയാക്കാത്തതിന് പല പ്രായോഗിക ബുദ്ധിമുട്ടുകൾ പറഞ്ഞിട്ടുണ്ട്. പദ്ധതി രൂപീകരണ – നിർവ്വഹണ പ്രക്രിയയിൽ പ്രായോഗിക സമീപനത്തിന്റെ അഭാവമാണ് ഇത് വ്യക്തമാക്കുന്നത്. സ്പിൽഓവർ പദ്ധതികളുടെ കാര്യത്തിൽ കൂടുതൽ കാര്യക്ഷമമായ സമീപനം ആവശ്യമാണ്.

**1-31 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല**

തൻവർഷം ടെണ്ടർ ചെയ്ത 262 പ്രവൃത്തികളിൽ 19 എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക് രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. 46 പ്രവൃത്തികളിൽ ഒരു കരാറുകാരൻ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് (എസ്റ്റിമേറ്റ് നിരക്കിൽ). ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ന്യൂനതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6/26.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 – ൽ അറിയിച്ചിരിക്കുന്നത് ഓഡിറ്റ് നിരീക്ഷണം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതും ടെണ്ടറുകൾ സംബന്ധിച്ച് കൂടുതൽ ഇടപെടലുകൾ നടത്താമെന്നും ആണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1-32 റോഡ് നിർമാണപ്രവൃത്തികൾ - കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല**

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട് ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016 – ലെ ജി.ഒ.(ആർടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ ടാർ ബില്ലുകൾ ഫയലിൽ ലഭ്യമല്ല. എന്നാൽ ബിറ്റുമിൻ ബില്ലുകൾ ഒരുമിച്ച് കെട്ടി ഓഡിറ്റിന് സമർപ്പിച്ചിരിക്കുന്നു. ഇതിൽ നിന്നും ഏത് പ്രവൃത്തിക്ക് എത്ര ബിറ്റുമിൻ ഉപയോഗിച്ചു എന്ന് വേർതിരിച്ചറിയാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ആകയാൽ ബിറ്റുമിൻ വാങ്ങലിന്റെയും അതിന്റെ ഉപയോഗത്തിന്റെയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/26.07.2021 – ന് സമർപ്പിച്ച മറുപടി നം. 105/28.07.2021 മുഖാന്തിരം അറിയിച്ചിരിക്കുന്നത് ധാരാളം പ്രവൃത്തികൾ ഉള്ളതിനാൽ ഓഫീസ് ഫയലുകൾ കൈകാര്യം ചെയ്യുവാൻ സമയക്കുറവ് ഉണ്ടാകുന്നുണ്ടെന്നമാണ് മരാമത്ത് പ്രവൃത്തികൾ പീസ് മീൽ പ്രോജക്ടുകളിലായി നിർവ്വഹണം നടത്താതെ സമഗ്ര പ്രോജക്ടുകൾക്ക് രൂപം കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബില്ലുകൾ അതാത് ഫയലുകളിൽ തന്നെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-33 ജല അതോറിറ്റിക്ക് വെള്ളക്കരമൊടുക്കൽ - കൃത്യത ഉറപ്പു വരുത്തുന്നില്ല**

പ്രൊജക്ട് നം. : എസ്. 0002/21

അടങ്കൽ തുക : 12,12,756/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് 3,03,189/- രൂപ, റോഡിതര മെയിന്റനൻസ് ഗ്രാന്റ് - 9,09,567/-രൂപ )

ചെലവു തുക : 12,12,756/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് -3,03,189/- രൂപ, റോഡിതര മെയിന്റനൻസ് ഗ്രാന്റ് - 9,09,567/-രൂപ )

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്തു പരിധിയിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് ഓഡിറ്റു വർഷം മേൽ പ്രൊജക്ടുപ്രകാരം ആകെ 12,12,756/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് - 3,03,189/-രൂപ, റോഡിതര മെയിന്റനൻസ് ഗ്രാന്റ് - 9,09,567/-രൂപ) വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസു പ്രകാരമുള്ള തുകയാണ് ഒടുക്കിവരുന്നത്. ഡിമാന്റ് നോട്ടീസു പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 231 വാട്ടർ ടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് പ്രതിവർഷം 5,250/-രൂപ

നിരക്കിലാണ് വെള്ളക്കരം ഈടാക്കുന്നത്. വെള്ളക്കരമിനത്തിൽ വൻതുക വർഷം തോറും ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളെ അടിസ്ഥാനപ്പെടുത്തിയാണോ വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നതെന്ന് ഉറപ്പുവരുത്താതെയാണ് ഭീമമായ സംഖ്യ ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ നിലവിലുള്ള വാട്ടർ ടാപ്പുകളുടെ എണ്ണവും, അവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും കാണിക്കുന്ന വാട്ടർ ടാപ്പ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുമൂലം വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സംവിധാനമില്ല. ആയതിനാൽ നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്കും വെള്ളക്കരം ഒടുക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്. ഇത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും നടപടി പൂർത്തീകരിച്ചിട്ടില്ല. ഭരണസമിതിയുടെ 18.5.2019 - ലെ 7 - ാം നമ്പർ തീരുമാന പ്രകാരം നിരവധി ടാപ്പുകൾ പ്രവർത്തിക്കാത്തതിനാൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകാൻ തീരുമാനിക്കുകയും സംയുക്തപരിശോധന നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി വൈസ് പ്രസിഡന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നതിന് ജല അതോറിറ്റിയുടെ സേവനം ലഭിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും തുടർനടപടികൾ കൈക്കൊള്ളേണ്ടതും ഈയിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 1/2020-21 തീയതി 22.07.2021 )

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ സംയുക്തപരിശോധന നടപടികൾ പുരോഗമിക്കുകയാണ് എന്ന് അറിയിച്ചു. ഇക്കാര്യത്തിലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.

1. ജൽജീവൻ മിഷൻ - ഗാർഹിക വാട്ടർ കണക്ഷൻ വിഹിതം അടവാക്കൽ

കേന്ദ്ര സംസ്ഥാന സർക്കാരുമായി സഹകരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ വീടുകളിൽ ഗാർഹിക വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. ഈ പദ്ധതിക്കായി താഴെ പറയും പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ - എസ് 0465/21

അടങ്കൽ - 2,64,000/- രൂപ – തനത് ഫണ്ട്

ചെലവ് - 2,64,000/- രൂപ – തനത് ഫണ്ട്

( ഓൺലൈൻ ട്രാൻസ്ഫർ തീയതി 9.2.2021 - 2,50,000/- രൂപ,

ഓൺലൈൻ ട്രാൻസ്ഫർ തീയതി 20.3.2021 - 14,000/- രൂപ )

2. പാലത്തുംപടി - അംഗനവാടി കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ

ഈ പ്രവൃത്തിക്കായി താഴെ പറയും പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ - എസ് 0489/21

അടങ്കൽ - 2,00,000/- രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 2,00,000/- രൂപ – ബിൽ നമ്പർ 45/20-21 തീയതി 26.3.2021

3. മൈക്കാവ് - മില്ലുംപടി പീച്ചാംപാറ റോഡ് - പൈപ്പ് ലൈൻ നീട്ടൽ

ഈ പ്രവൃത്തിക്കായി താഴെ പറയും പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ - എസ് 0492/21

അടങ്കൽ - 1,00,000/- രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 1,00,000/- രൂപ – ബിൽ നമ്പർ 46/20-21 തീയതി 26.3.2021

4. കല്ലറക്കൽപടി - അമ്പാട്ടുപടി കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ

ഈ പ്രവൃത്തിക്കായി താഴെ പറയും പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ - എസ് 0493/21

അടങ്കൽ - 3,00,000/- രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 3,00,000/- രൂപ – ബിൽ നമ്പർ 47/20-21 തീയതി 26.3.2021

മേൽ പ്രോജക്ടുകളുടെ പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2020-21 തീയതി 22.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടുകളുടെ പ്രവൃത്തി പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടുകളിലൂടെ നടത്തിയ 8,64,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല

തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ് (പി) 259 / 2010 / ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് പദ്ധതി (പ്രൊക്യൂർമെന്റ് പ്ലാൻ) തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്യൂർമെന്റ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്.

ടെക്നിക്കൽ ടീം (വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രാഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടതെങ്കിൽ, ഇവ കൃത്യമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യൂർമെന്റ് ടീം ആണ്. ഇവർ സമർപ്പിക്കുന്ന പർച്ചേസ് പ്രൊപ്പോസലുകൾ സ്ക്രൂട്ടിനൈസ് ചെയ്യേണ്ടതും, ഇവയ്ക്ക് അംഗീകാരം നൽകേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. സാധന സേവന പ്രൊക്യൂർമെന്റ് നടത്തുമ്പോൾ പൊതുപണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്നും, സുതാര്യത നിലനിർത്തി നല്ല പ്രവർത്തനം തദ്ദേശസ്ഥാപനം കാഴ്ചവെയ്ക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് പൊതുജനങ്ങൾ ഉൾപ്പെടുന്ന സോഷ്യൽ ഓഡിറ്റ് കമ്മിറ്റി വിഭാവനം ചെയ്യുന്നു. ഗുണഭോക്താക്കളിൽ സേവനങ്ങളെ കുറിച്ച് ഉദ്ബോധനം നടത്തേണ്ടതും, പ്രൊക്യൂർമെന്റ് നടപടികളിൽ സുതാര്യത പാലിച്ചുവെന്നും, ഗുണനിലവാരം, കാര്യക്ഷമത എന്നിവ വാങ്ങലിൽ പാലിച്ചുവെന്നും ഉറപ്പാക്കേണ്ടത് ഈ കമ്മിറ്റിയാണ്. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയംഗങ്ങൾ ആവശ്യകത തിരിച്ചറിയുന്നതിനും, മുൻഗണന നിശ്ചയിക്കുന്നതിലും പങ്കാളിയാവണം. പ്രൊക്യൂർമെന്റ്, ടെണ്ടർ ഓപ്പനിംഗ്, വിലയിരുത്തൽ എന്നിവ മോണിറ്റർ ചെയ്യേണ്ടതും ഈ കമ്മിറ്റിയാണ്. സാമ്പത്തിക വർഷാവസാനം സോഷ്യൽ ഓഡിറ്റ് കമ്മിറ്റി സമാഹൃത റിപ്പോർട്ട് ഗ്രാമസഭയിൽ വയ്ക്കേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥർ സംശയദൂരീകരണം വരുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ ഈ പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമല്ല എന്നതാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്.

മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഒരു പ്രൊക്യൂർമെന്റ് സൈക്കിളിലെ ആദ്യ ഘടകം ആവശ്യം തിരിച്ചറിയലും, സ്പെസിഫിക്കേഷൻ ഉണ്ടാക്കലുമാണ്. ഒരേയിനം സാധനസാമഗ്രികൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർ വാങ്ങുന്ന സംഗതിയിൽ തദ്ദേശസ്ഥാപനത്തിന്റെ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33.Ii(C) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വേറെ വേറെ ടെൻണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി ഒറ്റ വാങ്ങൽ നടപടി നടത്തിയാൽ മതി. എന്നാൽ 2019-20, 2020-21 കാലയളവിൽ പഞ്ചായത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയാനുള്ള ശ്രമം നടന്നിട്ടില്ലെന്നതിന് ഉദാഹരണമാണ് പഞ്ചായത്ത് വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങിയ പ്രോജക്ടുകൾ. വിശദവിവരം ചുവടെ ചേർക്കുന്നു,

| വർഷം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്/ നം അടങ്കൽ | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2019-20 | സെക്രട്ടറി | എൽ.എസ്.ജി.ഡി. ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ, 78/20 | 50000 വികസനഫണ്ട് ജനറൽ 30000 തനതു ഫണ്ട് | 40129 വികസനഫണ്ട് |
| | | പഞ്ചായത്ത് ഓഫീസിലേയ്ക്ക് സ്കാനർ, 337/20 | 25000 തനതു ഫണ്ട് | |
| | | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ, 341/20 | 100000 തനതുഫണ്ട് | 80258 |
| | | പഞ്ചായത്ത് ഓഫീസിലേയ്ക്ക് സെർവർ കമ്പ്യൂട്ടർ, 342/20 | 550000 തനതു ഫണ്ട് | 541080 (2020-21 വർഷത്തിൽ) |
| | | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ , 383/20 | 122640 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 120387 (2020-21 വർഷത്തിൽ) |
| 2020-21 | സെക്രട്ടറി | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ, 6/21 | 194091 തനതു ഫണ്ട് | 188490 |
| | | വി.ഇ.ഒ. ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, 8/21 | 120000 സംരക്ഷണഗ്രാന്റ് റോഡിതരം | 104600 |
| | | ബഡ്സ് സ്കൂളിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, 248/21 | 80000 തനതുഫണ്ട് | 64800 |
| | | മൃഗാശുപത്രിയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, 453/21 | 80000 സംരക്ഷണ ഗ്രാന്റ് റോഡിതരം | 64800 |
| | ഹെഡ്മാസ്റ്റർ | മുറമ്പാത്തി, ചെമ്പുകാവ് ജി.എൽ.പി.എസുകൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, 62/21 | 125000 സംരക്ഷണ ഗ്രാന്റ് റോഡിതരം | 123600 |

2019-20 വർഷത്തിലെ പ്രോജക്ടുകളിൽ ആദ്യ പദ്ധതിയൊഴികെ ബാക്കിയുള്ളവയും, 2020-21 വർഷത്തിലെ പ്രോജക്ട് 453/21 ഉം വാർഷിക പദ്ധതികളുടെ ഭേദഗതികളിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളാണ്. ഇതിൽ നിന്നും പ്രൊക്യൂർമെന്റ് സൈക്കിളിലെ ആദ്യ ഘടകമായ ആവശ്യം തിരിച്ചറിയൽ (വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ) ഫലപ്രദമായി നടക്കുന്നില്ലെന്ന് വ്യക്തമാകുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റി ഓരോ നിർവ്വഹണോദ്യോഗസ്ഥരെ വാങ്ങലുകൾ നടത്താനായി ചുമതലപ്പെടുത്തുന്നതിനുപരി മറ്റു പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം നടന്നിട്ടില്ല. ഒരേയിനം സാധനങ്ങളുടെ വാങ്ങലിന് മുകളിൽ വിവരിച്ച രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇതിനു മറുപടിയായി അറിയിച്ചത്, "വിവിധ അടിയന്തിര സാഹചര്യങ്ങളാലും, വിവിധ പ്രോജക്ടുകളിലെ ടെണ്ടർ കുറവ് വിനിയോഗിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ചതിനാലുമാണ് 2019-20 ൽ ഇത്തരത്തിൽ സംഭവിച്ചത് " എന്നുമാണ്. വാങ്ങൽ നടപടികളിൽ കൂടുതൽ ആസൂത്രണം ഉണ്ടാകേണ്ടതും, വ്യത്യസ്ത പ്രോജക്ടുകളാക്കാതെ ഒറ്റ പ്രോജക്ടായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ കാര്യക്ഷമമാക്കണം

കേരള പഞ്ചായത്ത് രാജ് നിയമം 166 -ാം വകുപ്പ് 3 -ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് പഞ്ചായത്തിന്റെ ചുമതലയാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ

മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ തയ്യാറാക്കി പഞ്ചായത്ത് നടപ്പിലാക്കേണ്ടതുണ്ട്.

കോടഞ്ചേരി പഞ്ചായത്തിലെ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെയുള്ള അങ്കണവാടികൾ | 33 |
| സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 17 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 4 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 09 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 2 |
| ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടികൾ | 1 |

കോടഞ്ചേരി പഞ്ചായത്തിൽ മൂന്ന് വയസിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം 651 ആണ്. 22.03.2011 ലെ നം. 31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. എല്ലാ വർഷവും മെയ് 10 – നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. ഒരു അങ്കണവാടിക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കുടിവെള്ള സൗകര്യം, വൈദ്യുതി കണക്ഷൻ, സ്വന്തമായി കെട്ടിടം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തലങ്ങളിൽ സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (31/20-21 Dt 27.07.21) മറുപടി ലഭിച്ചിട്ടില്ല.

<u>1-37 അങ്കണവാടികളിലെ പോഷകാഹാര വിതരണം</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 224/21 അനുപൂരക പോഷകാഹാരം | 4563522 | 4563522 |
| 2 | 225/21 അനുപൂരക പോഷകാഹാരം (ST) | 300000 | 224000 |

ജി.ഒ. (എം.എസ്.) 4/2016/ എൽ.എസ്.ജി.ഡി. 11.01.2016 പ്രകാരം അങ്കണവാടികളിൽ നിന്നും യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും തുടർച്ചയായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇതിനായി അങ്കണവാടി വെൽഫയർ കമ്മിറ്റിയ്ക്ക് പുറമേ ഗ്രാമസഭകളിൽ നിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും, ഗുണനിലവാരവും സംബന്ധിച്ച് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിയ്ക്കേണ്ടതാണ്.

അങ്കണവാടി സ്ഥിതി ചെയ്യുന്ന പ്രദേശമുൾപ്പെടുന്ന അയൽസഭയുടെ നിർവ്വാഹക സമിതിയും പോഷകാഹാരവിതരണം കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ പോഷകാഹാര വിതരണം കുറ്റമറ്റതാക്കാൻ വാർഡ് ജനപ്രതിനിധികളും അങ്കണവാടികളിൽ സന്ദർശനം നടത്തേണ്ടതാണ്.

എന്നാൽ ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ചോ, അങ്കണവാടികളിൽ സന്ദർശനം നടത്തി ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ചോ

യാതൊരു വിവരങ്ങളും ഇല്ല. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (35/20-21 Dt 27.07.21) ഐ.സി.ഡി.എസ്. സൂപ്പർവൈസർ 28.07.21 ന നൽകിയ മറുപടിയിൽ അങ്കണവാടി പ്രവർത്തനം വിലയിരുത്തുന്നതിനും പോഷകാഹാരവിതരണം ഉറപ്പുവരുത്തുന്നതിനും ALMSC (Ankanawadi Level Monitoring And Supplying Committee) സജീവമാണെന്നും 2016 ൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിരുന്നെങ്കിലും നിലവിൽ സജീവമല്ലെന്നും കമ്മിറ്റി പുന: സംഘടന നടത്തി അങ്കണവാടികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-38 അർഹതയില്ലാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകി

1) പ്രൊജക്ട് - 230/21 എസ്. ടി വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ 100050/-

ചെലവ് - 100050/-

ബിൽ നമ്പർ 26/20-21 തി. 110.02.21 – Rs 1,00,000/-

തി. 06.02.21 – Rs 50/- Own Fund

മേൽ പ്രോജക്ട് പ്രകാരം, ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരും എസ്. ടി വിഭാഗത്തിൽപെടുന്നവരുമായ 23 വയോജനങ്ങൾക്കാണ് കട്ടിൽ അനുവദിക്കുന്നത്. 13 -ാം പദ്ധതി മാർഗരേഖ പ്രകാരം ( സ. ഉ (കൈ) 22/2018 തസ്വഭവ തി 14.02.18 ഖണ്ഡിക 7.1.13 – വയോജന സൗഹ്ദ പരിപാടികൾ ) പ്രകാരം 60 കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ നല്കേണ്ടത്. എന്നാൽ ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 60 വയസ്സിൽ താഴെ പ്രായമുള്ളവർക്കും കട്ടിൽ അനുവദിച്ചതായി കാണുന്നു.

| ക്രമ നമ്പർ | പേര് | ജനന തിയ്യതി | ആധാർ |
|---|---|---|---|
| 1 | ശ്രീമതി. ചാത്തി | 1970 | 9957 2630 3723 |
| 2 | ശ്രീ. പാലൻ | 1963 | 7190 8828 9105 |
| 3 | ശ്രീ. പുലയൻ | 1968 | 9483 0254 6959 |
| 4 | ശ്രീമതി. രാധാമണി | 1965 | 3418 8426 8260 |
| 5 | ശ്രീമതി. നീലി | 1972 | 3444 4350 4663 |
| 6 | ശ്രീമതി. ചുണ്ടി | 1978 | 9147 4675 0877 |
| 7 | ശ്രീമതി. വെള്ളത്തി | 1964 | 2448 4699 282 |

കട്ടിൽ അനുവദിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആർക്കൊക്കെ ആനുകൂല്യം നൽകിയെന്നും, നേരത്തേ ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അനർഹമായി കൈപ്പറ്റിയ സാഹചര്യം ഉണ്ടായാൽ നഷ്ടപരിഹാരം ഈടാക്കുന്നതിനും വിതരണ രജിസ്റ്റർ അത്യാവശ്യമാണ്. എത്രപേർക്ക് കട്ടിൽ നൽകിയിട്ടുണ്ടെന്നും അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (14/20-21 Dt 26.07.21) മറുപടി ലഭിച്ചിട്ടില്ല. പ്രൊജക്ട് പ്രകാരമുള്ള 1,00,050/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - ഫയൽ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിലെ പൊതു അപാകതകൾ

1) ക്യാഷ് ബുക്ക്

സ.ഉ.(പി)177/2006 ഫിൻ. തീ. - 12.04.2006, സ. ഉ(പി)119/2015 ഫിൻ. തീ. – 21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

2) പ്രൊജക്ട് രജിസ്റ്റർ

G O (P) No. 177/2006 Fin. Dt 12.04.2006, G O (P) No 119/2015 Fin. Dt. 21.03.2015 എന്നിവ പ്രകാരം സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. ഇപ്രകാരം പ്രൊജക്ട്

രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തതിനാൽ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ, നിർവ്വഹണം നടത്താതിരുന്നവ, വിവിധയിന ഫണ്ടുകളിൽ നിന്നും ചെലവഴിച്ച തുകകൾ, കുടിശ്ശികയായ ബില്ലുകൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിക്കാതെ വരുന്നു.

3) വിതരണ രജിസ്റ്റർ

താഴെ വിവരിച്ച പ്രോജക്ടുകൾ പ്രകാരം, പഠനമുറി, വിവാഹ ധന സഹായം, വാട്ടർ ടാങ്ക്, ഫർണ്ണിച്ചർ എന്നിവ അനുവദിച്ചതിന്റെ വിശദാംശങ്ങൾ വിതരണ രജിസ്റ്ററിലില്ല. ആർക്കൊക്കെ ആനുകൂല്യം നൽകിയെന്നും, നേരത്തേ ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അനർഹമായി കൈപ്പറ്റിയ സാഹചര്യം ഉണ്ടായാൽ നഷ്ടപരിഹാരം ഈടാക്കുന്നതിനും വിതരണ രജിസ്റ്റർ അത്യാവശ്യമാണ്. കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ സ്വീകരിച്ച് സ്റ്റോക്കിൽ ചേർക്കേണ്ടതും, ആർട്ടിക്കിൾ 152 പ്രകാരം സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്തു തന്നെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതുമാണ്.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 64/21 SC വിദ്യാർത്ഥികൾക്ക് പഠനമുറി | 800000 | 425000 |
| 2 | 68/21 പട്ടിക ജാതിയിൽ പെട്ടവർക്ക് PVC Water Tank വിതരണം | 100000 | 100000 |
| 3 | 69/21 ST കോളനികളിൽ ജലസംഭരണി | 300000 | 300000 |
| 4 | 343/21 പട്ടിക ജാതിയിൽ പെട്ടവർക്ക് PVC Water Tank വിതരണം (Spill Over) | 200000 | 155263 |
| 5 | 234/21 ST വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | 150000 | 150000 |
| 6 | 454/21 SC വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | 200000 | 200000 |
| 7 | 229/20 SC വയോജനങ്ങൾക്ക് കട്ടിൽ | 178350 | 178350 |
| 8 | 230/21 ST വയോജനങ്ങൾക്ക് കട്ടിൽ | 100050 | 10005 |

4. കൈപ്പറ്റ് രസീത്

234/21 ST വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ, 454/21 SC വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ എന്നീ പ്രൊജക്ടുകളുടെ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏതു തരം ഫർണ്ണിച്ചർ കൈപ്പറ്റിയെന്ന് വിവരിക്കുന്നില്ല. മാത്രമല്ല, പ്രൊജക്ട് നമ്പർ 231/21 എന്നാണ് കാണിച്ചിരിക്കുന്നത്

5 .ഫയൽ സൂക്ഷിപ്പ്

Manual Of Office Procedure പ്രകാരം ഫയൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല (Arrangements Of Files ). MOP Para 43 പ്രകാരം നടപ്പു ഫയൽ (Current File) കുറിപ്പ് ഫയൽ (Note File) എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി സൂക്ഷിക്കേണ്ടതാണ്.

നിലവിൽ ബില്ലുകളുടേയും മറ്റും കടലാസ് കെട്ടുകളായാണ് ഫയൽ സൂക്ഷിച്ചിരിക്കുന്നത്.

6. നിരതദ്രവ്യം ഫയലിൽ സൂക്ഷിക്കുന്നു.

343/21 പട്ടിക ജാതിയിൽ പെട്ടവർക്ക് PVC Water Tank വിതരണം (Spill Over)

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 287 പ്രകാരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ സർക്കാരുമായി കരാർ ഉറപ്പിക്കുമ്പോൾ കരാറിന്റെ വിജയകരമായ പൂർത്തീകരണത്തിനായി സ്വീകരിക്കുന്ന നിരതദ്രവ്യങ്ങൾ/സുരക്ഷിത നിക്ഷേപങ്ങൾ (ആർട്ടിക്കിൾ 140 1(A)) എന്നീ ഇനങ്ങളിലുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ ബന്ധപ്പെട്ട കക്ഷികൾക്ക് തിരിച്ച നൽകേണ്ട സമയത്ത് കൊടുക്കാൻ കഴിയാത്ത വിധം വൌച്ചർ ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്നു.

മേൽ പറഞ്ഞ പ്രൊജക്ടിൽ PVC Water Tank വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടറുകൾക്കൊപ്പം PG Enterprises Vellayur Malappuram സമർപ്പിച്ച നിരതദ്രവ്യം ( Deposit Receipt, SBI Karuvarakund Branch Rs. 4340, Dt. 09.10.20 ) ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്.

ധനകാര്യ വകുപ്പ് (സ്കീം ലൈനിംഗ്) 27.08.2010 ലെ 80/10/ധന. നമ്പർ സർക്കുലർ പ്രകാരം ഇപ്രകാരം ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ പബ്ലിക് അക്കൗണ്ടിന് കീഴിലെ 8443 സിവിൽ ഡെപ്പോസിറ്റ്സ് – 00-103 സെക്യൂരിറ്റി ഡെപ്പോസിറ്റ് (റസീപ്റ്റ്സ്) എന്ന കണക്കിനത്തിൽ ട്രഷറി വഴി നിക്ഷേപിക്കേണ്ടതും തിരിച്ച

നൽകേണ്ട സമയത്ത് പ്രസ്തുത കണക്കിനത്തിൽ നിന്ന തന്നെ തത്തുല്യമായ തുക നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (15/20-21 Dt 26.07.21) അസി. സെക്രട്ടറി 27.07.21 ന നൽകിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്നും വിതരണ രജിസ്റ്റർ പൂർത്തിയാക്കുന്നതിന് നിർവ്വഹണം നടത്തിയ അസി. സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടെന്നും എന്ന് അറിയിച്ചിട്ടുണ്ട്.

## 1-40 സമഗ്ര ശിക്ഷ കേരളയ്ക്ക നൽകിയ 10,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ

പ്രൊജക്ട് നമ്പർ : 59/21 SSA Share

അടങ്കൽ : 10,00,000 /-

ചെലവ് : 10,00,000/-

ബിൽ നമ്പർ തിയ്യതി : 1/20-21 തീയതി 15.10.20

പഞ്ചായത്ത് വിഹിതമായി Dist. Project Officer, സമഗ്ര ശിക്ഷ കേരള (SSK) യ്ക്ക നൽകിയ 10,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (13/20-21 Dt 26.07.21) ഹെഡ് മാസ്റ്റർ, 28.07.21 ന നൽകിയ മറുപടിയിൽ Covid 19 സാഹചര്യത്തിൽ നിയന്ത്രണങ്ങൾ ഉള്ളതിനാൽ SSK ജില്ലാ ഓഫീസ് പ്രവർത്തിക്കാത്തതിനാലാണ് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ വൈകുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈയിനത്തിലുള്ള 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ - മരുന്നും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചില്ല

പ്രോജക്ട് നം - 236/21

അടങ്കൽ - 3,00,000/-

ചെലവ് - 29,988/-

ബിൽ നമ്പർ 8/20-21 തി 19.02.21

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (PHC)

മേൽ പദ്ധതിയിൽ ഡയാലിസിസ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 19.02.21 ന് താമരശ്ശേരി സബ് ട്രഷറി മുഖേന ഓൺ ലൈൻ ട്രാൻസ്ഫറായി 29,988/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. അടിയന്തിരമായി മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (36/20-21 Dt 19.07.21) മറുപടി ലഭിച്ചിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ ഈയിനത്തിലുള്ള 29,988/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-42 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ- 2,71,572 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രോജക്ട് നം - 29/21

അടങ്കൽ - 3,00,000/-

ചെലവ് - 3,00,000/-

ബിൽ നമ്പർ 1/20-21 തി 04.12.2020

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ )

മേൽ പദ്ധതിയിൽ വിവിധ ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ് ഫാർമസിക്ക് (ആലപ്പുഴ) 04.12.2020 ന് താമരശ്ശേരി സബ് ട്രഷറി മുഖേന ഓൺ ലൈൻ ട്രാൻസ്ഫറായി മൂന്ന് ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ Homco യുടെ 02.06.21 ലെ LF 456/21-22 നമ്പർ ഇൻവോയ്സ് പ്രകാരം 28,428 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്. 2,71,572 രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്. അടിയന്തിരമായി ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (33/20-21 Dt 19.07.21) മറുപടി ലഭിച്ചിട്ടില്ല. ലഭിക്കാനവശേഷിക്കുന്ന മരുന്നിന്റെ വിലയായ 2,71,572 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - 29,332 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - 29,332 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രോജക്ട് നം - 9/21

അടങ്കൽ - 7,00,000/-

ചെലവ് - 7,00,000/-

ബിൽ നമ്പർ 2/20-21 തി. 11.11.2020

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

മേൽ പദ്ധതിയിൽ വിവിധ ആയുർവ്വേദ മരുന്നുകൾ വാങ്ങുന്നതിന ദ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ കേരള ലി. തൃശ്ശൂർ (ഔഷധി) 11.11.2020ന് താമരശ്ശേരി സബ് ട്രഷറി മുഖേന ഓൺ ലൈൻ ട്രാൻസ്ഫറായി ഏഴ് ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി 670668/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 29,332/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്. ഇതു സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (32/20-21 Dt 19.07.21) മെഡിക്കൽ ഓഫീസർ 21.07.21 ന നൽകിയ മറുപടിയിൽ Covid 19 സാഹചര്യത്തിൽ നിയന്ത്രണങ്ങൾ ഉള്ളതിനാലും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവുമാണ് മരുന്നുകൾ ലഭിക്കാൻ വൈകുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ലഭിക്കാനവശേഷിക്കുന്ന മരുന്നിന്റെ വിലയായ 29,332/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-44 ആശ്രയ അവലോകനം

ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് മുഴുവനും ഭവനം നിർമ്മിച്ച് നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

സ.ഉ (എം.എസ്)22/2018/ത.സ്വ.ഭ.വ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ(എം.എസ്)252/ 2017/ ത.സ്വ.ഭ.വ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമി യുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിന ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. 14.09.2018 ലെ സ.ഉ (എം.എസ്)/128/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം 4 ഗുണഭോക്താക്കൾക്ക് വീട്ടു റിപ്പയറിംഗിന് ആനുകൂല്യം നൽകിയതൊഴിച്ച് പ്രസ്തുത മേഖലയിൽ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

## ഭാഗം -2

## 2-1 ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ - നികുതി നിർണയത്തിലെ അപാകത - വരുമാന നഷ്ടം സഭവിക്കുന്നു

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 14.01.2011 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ (അ) 19/2011/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം, 24.02.2015 ലെ സ.ഉ. (അ) 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, പാർപ്പിടാവശ്യത്തിന്റെ ഉപവിഭാഗമായി സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, എന്നിവക്ക് ബാധകമായ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. തറ വിസ്തീർണ്ണം ചതുരശ്രമീറ്ററിന് 40 രൂപയാണ് ഹോസ്റ്റലുകൾക്ക് നികുതി നിരക്കായി പഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. സഞ്ചയയിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന കെട്ടിടത്തിന്റെ ഉപയോഗ ക്രമം ഹോസ്റ്റൽ ആണെന്ന് വ്യക്തമാണ്. എന്നാൽ ഈ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നികുതിയാണ് ചുമത്തിയിട്ടുള്ളത് ഇത് മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

ഉദാ

| കെട്ടിട നമ്പർ/ കെട്ടിട ഉടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2016 ഒന്നാം അർദ്ധവർഷം മുതൽ) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കി. നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) + ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം ) + ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 21/313 B<br>1) ശ്രീ. മുഹമ്മദ് അഷ്റഫ് എ. എം, ന്യൂ ഉരുത്തി, മാലാകുന്ന്, ബേക്കൽഗ്.<br>2) ശ്രീ. മുഹമ്മദ് നിസ്സാർ, പുത്തൻ പുരക്കൽ വീട്, തിരുവമ്പാടി<br>3) ശ്രീ. സലാഹുദ്ദീൻ, ചെറുകടത്ത് വളപ്പിൽ, മേപ്പാടി<br>4) ശ്രീ. ഹാസിഫ് പി,<br>സൈനബാസ്, കോലഞ്ചേരി പി. ഒ | 2138.18 | 4 | മേഖല ഇളവ് 10% വഴി സൗകര്യം 20% വർദ്ധനവ് തറ നിർമിതി 15% വർദ്ധനവ്<br>10691 + 535 = 11226 | 40 | 106909 + 5346 = 112255 | 2016-17- 96218+4811=101029<br>2017-18- 96218+4811=101029<br>2018-19- 96218+4811=101029<br>2019-20- 96218+4811=101029<br>2020-21- 96218+4811=101029<br>----------------------------<br>481090+24055=505145 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. ( ഓഡിറ്റ് കാലയളവിലെ നഷ്ടം 101029/- രൂപ ( 96218 + ഗ്രന്ഥശാലാവരി 4811 രൂപ ).

## 2-2 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള, വാണിജ്യാവശ്യങ്ങൾക്കുള്ള

കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം ( Plinth Area ) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതു മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്സ്) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|
| 6/308 ശ്രീ. ബെന്നി കുര്യൻ, വാകത്തടത്തിൽ, മീമുട്ടി, 673580, (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി – 2018 ഒന്നാം അർദ്ധവർഷം മുതൽ) | 128.83 (113.83 പുതിയത് 15 ച. മി പഴയത്) | 50 | (വഴി സൗകര്യം 20% വർദ്ധനവ് ) മേൽക്കൂര ഇളവ് 10% മേഖല ഇളവ് 10%, കാലപ്പഴക്കം 10%) 5253 ( 5123 + 130 പഴയത് ) 263 = 5516 | 60 | വഴി സൗകര്യം 20%വർദ്ധനവ്,) മേൽക്കൂര ഇളവ് 10%മേഖല ഇളവ് 10%) 6960 (6830+130 പഴയത്) + 348=7308 | 2018-19 – 1707+85=1792 2019-20– 1707+85=1792 2020-21– 1707+85=1792 Total= 5121+255 =5376 |
| 10/609 C സെക്രട്ടറി, കോടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്, കോടഞ്ചേരി, കോടഞ്ചേരി- (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി-2018 ഒന്നാം അർദ്ധവർഷം മുതൽ) | 134.5 | 50 | മേഖല ഇളവ് 10%, 6053 + 303 = 6356 | 60 | മേഖല ഇളവ് 10%, 7263+363 =7626 | 2018-19- 1210+60=1270 2019-20- 1210+60=1270 2020-21- 1210+60=1270 Total= (3630+180) =3810 |
| 13/564-G2 | 214.91 | 50 | (വഴി സൗകര്യം | 60 | (വഴി സൗകര്യം | 2014-15- 2579+129=2708 |

| | | | | | | |
|---|---|---|---|---|---|---|
| ശ്രീ. ഉലഹന്നാൻ, എലഞ്ഞനാക്കുഴി, ,മൈക്കാവ്, 673573 | | | 20% വർദ്ധനവ് ) 12895 + 645 =13540 | | 20%വർദ്ധനവ്,) 15474 + 774 = 16248 | 2015-16- 2579+129=2708 2016-17- 2579+129=2708 207-18- 2579+129=2708 2018-19- 2579+129=2708 2019-20- 2579+129=2708 2020-21- 2579+129=2708 Total = (18053+903) =18956 |
| 20/156 J ശ്രീ. ഡോൺ സണ്ണി, ഊരോത്ത്, കണ്ണോത്ത്, കണ്ണോത്ത്, 673580, | 257.05 | 50 | വഴി സൗകര്യം 20% വർദ്ധനവ് ) മേഖല ഇളവ് 10%, ബഹുനില കെട്ടിടം 5%) 13432 + 672 = 14104 | 60 | വഴി സൗകര്യം 20% വർദ്ധനവ്,) മേഖല ഇളവ് 10%, ബഹുനില കെട്ടിടെ 10%) 16118 + 806 =16924 | 2018-19- 2686+134=2820 2019-20- 2686+134=2820 2020-21- 2686+134=2820 Total= (8058+402) = 8460 |
| | | | | | ആകെ | 34862+1740= 36602 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 8590/- രൂപ (8182 ഗ്രന്ഥശാലാവരി 408 രൂപ).

## ഭാഗം -3

### 3-1 നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല

2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൂവത്തിൻചുവട്ടു പെലക്കടിപടി വട്ടചുവട്ടു റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാങ്കേതിക അനുമതി, സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ് സെലക്ഷൻ നോട്ടീസ് തിയതി മുതൽ 8 മാസമാണ്. എഗ്രിമെന്റ് നം. 86/03.01.2018 പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ടത് 02.09.2018 ൽ ആണ്. എന്നാൽ അളവ് പുസ്തകം 127/19-20 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 30.05.2020 ൽ ആണ്. ബിൽ നമ്പർ 137/28.03.2021 പ്രകാരം അവസാന പേയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം

നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|
| 02.09.2018 | 30.05.2020 | 03.09.18 മുതൽ 02.12.18 വരെ - 400000 X 1% = രൂ.4000<br>03.12.18 മുതൽ 02.03.19 വരെ - 400000 X 2% = രൂ.8000<br>03.03.19 മുതൽ 02.06.19 വരെ - 400000 X 2% = രൂ.8000<br>03.06.19 മുതൽ 02.09.19 വരെ - 400000 X 2% = രൂ.8000<br>03.09.19 മുതൽ 02.12.19 വരെ - 400000 X 2% = രൂ.8000<br>03.12.19 മുതൽ 02.03.20 വരെ - 400000 X 2% = രൂ.8000<br>03.03.20 മുതൽ 30.05.20 വരെ - 400000 X 2% = രൂ.8000 |
| | ആകെ | രൂ. 52,000/- |

ഫൈനൽ ബിൽതുക അനുവദിച്ചപ്പോൾ പിഴത്തുക ഈടാക്കാത്തതിന് വിശദീകരണം നൽകുന്നതിനോടൊപ്പം കരാറുകാരനിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 37/28.07.2021 –ന് മറുപടി സമർപ്പിച്ചിട്ടില്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനായെടുത്ത ദിവസങ്ങൾ | ഈ റിപ്പോർട്ടിന്റെ അതേ നമ്പറും തിയ്യതിയും |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | പ്രോജക്ട് അടങ്കൽ | ചെലവ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | പാലിന് സബ്സിഡി | 15,00,00 | 15,00,000 |
| | പാലിന് സബ്സിഡി വനിത (പുതിയ പ്രോജക്ട്) | 31,00,00 | 31,00,000 |
| | പാലിന് സബ്സിഡി വനിത (സ്പിൽ ഓവർ) | 36,92,58 | 36,92,580 |
| | ക്ഷീരഗ്രാമം വനിത (പുതിയ പ്രോജക്ട്) | 3,15,000 | 3,15,000 |
| | ക്ഷീരഗ്രാമം വനിത (സ്പിൽ ഓവർ) | 7,20,000 | 4,65,000 |
| | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 6,50,000 | 5,34,500 |

| | | | |
|---|---|---|---|
| | നെൽകൃഷി വികസനം കൂലിചെലവ് | 81,000 | 81,000 |
| | പച്ചക്കറികൃഷി വ്യാപനം കൂലിച്ചെലവ് | 24,000 | 24,000 |
| | മുട്ടഗ്രാമം വനിത (പുതിയ പ്രോജക്ട്) | 1,37,500 | 1,25,250 |
| | മുട്ടഗ്രാമം വനിത (സ്പിൽ ഓവർ) | 1,37,500 | 1,16,875 |
| ബ്ലോക്ക് പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പുതിയ പ്രോജക്ട്) | 6,50,000 | 4,16,668 |
| | പാലിന് സബ്സിഡി (പുതിയ പ്രോജക്ട്) | 22,00,000 | 22,00,000 |
| | പാലിന് സബ്സിഡി (സ്പിൽ ഓവർ) | 10,00,000 | 10,00,00 |
| | പാലിന് സബ്സിഡി വനിത | 15,00,000 | 15,00,00 |
| | കൗ ലിഫ്റ്റർ വാങ്ങൽ | 2,00,000 | 2,00,000 |
| | ലൈഫ് മിഷൻ എസ്. സി. | 26,63,900 | 6,57,800 |
| | നെൽകൃഷി വികസനം കൂലിച്ചെലവ് | 67,000 | 67,000 |
| | റെയിൻ ഷെൽട്ടർ | 75,000 | 75,000 |

2020-21 വർഷത്തിൽ മാപ്പിംഗ് രീതിയിൽ സംയുക്ത പദ്ധതികളുടെ നിർവ്വഹണം നടന്നിട്ടുള്ളതിനാൽ യഥാർത്ഥ ചെലവു തുക മാത്രമേ വരവായി പ്രതിഫലിക്കുകയുള്ളൂ. എന്നാൽ മുൻവർഷങ്ങളിൽ ലഭിച്ചതും ചെലവഴിക്കാൻ ബാക്കി നിൽക്കുന്നതുമായ 509000/-രൂപ (മുൻവർഷ റിപ്പോർട്ട് കാണുക) പഞ്ചായത്തിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ചെലവഴിക്കാത്ത പക്ഷം സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | കാഞ്ഞിരപ്പാറ കുടിവെള്ള പദ്ധതി വൈദ്യുതീകരണം | | 77332/- | 77332/- | - |
| KWA | പാലത്തുംപടി അംഗനവാടി കുടിവെള്ള പദ്ധതിയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നമ്പർ 45/20-21/26.03.2021 | 200000/- | -- | 200000/- |
| | മെക്കാവ് മില്ലുംപടി പീച്ചാംപാറ റോഡ് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നമ്പർ 46/20-21/26.03.2021 | 100000/- | -- | 1000000/- |
| | കല്ലറക്കൽപ്പടി അമ്പാട്ടുപടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നമ്പർ 47/20-21/26.03.2021 | 300000/- | -- | 300000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്മിഷൻ KURDFC HUDCO വായ്പ | | -- | 26,32,780 | 8,05,450 | 0 | 18,27,330 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 686783 |
| തൻവർഷം നിക്ഷേപിച്ച തുക (മുതൽ + പലിശ) | 9053500 |
| ആകെ | 9740283 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7740283 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കെ.ഡി.സി.ബാങ്ക്, കോടഞ്ചേരി 100501807520020 | | 1 വർഷം | 430195 |
| 2 | കെ.ഡി.സി.ബാങ്ക്, കോടഞ്ചേരി 100501807520019 | | 1 വർഷം | 310088 |
| 3 | ഫെഡറൽ ബാങ്ക് അക്കൗ. നം. 20570300009352 | | 1 വർഷം | 7000000 |
| | ആകെ | | | 7740283 |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2003-04 | 11.13.5.4 (പൊതു പരാമർശം) | മൈത്രി ഭവനപദ്ധതി | തുടരുന്നു |
| 1997-98 | 45 | 2003-04 | 11.13.7.8 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | -ടി- |
| 1998-99 | 19 | 2003-04 | ടി | ടി | -ടി- |
| 2010-11 | 3-11 | 2011-12 | 3.3.6, 3.3.12 (അവലോകനം) | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | -ടി- |
| 2011-12 2012-13 | 4.1.1. | 2013-14 | 6-4 (അവലോകനം) | തെരുവു വിളക്ക് സംരക്ഷണം | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2013-14 | 6.4.1 (അവലോകനം) | തെരുവു വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.6 | കൃഷി, മൃഗസംരക്ഷണം, പദ്ധതി നിർവ്വഹണം- ധനവിനിയോഗ കാര്യക്ഷമത | -ടി- |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | -ടി- |
| 2015-16 | 2-3 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി അപാകതകൾ | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 145759187 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 156353391 |
| വരവിനങ്ങളിലുള്ള നഷ്ടം | 104400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2294942 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 96,218 | | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |
| 2-2 | 8,182 | | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |
| 3-1 | | 52,000 | ശ്രീ. അരുൺ ചന്ദ്, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 8,64,000 | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി |
| 1-38 | 1,00,050 | ശ്രീ. സുഭാഷ് സി, അസി. സെക്രട്ടറി |
| 1-40 | 10,00,000 | ശ്രീ. ജോയ് എബ്രഹാം, ഹെഡ് മാസ്റ്റർ |
| 1-41 | 29,988 | ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, പി. എച്ച്. സി |
| 1-42 | 2,71,572 | ഡോ. ജിഷ് ല കെ. എ, ഹോമിയോ മെഡിക്കൽ ഓഫീസർ |
| 1-43 | 29,332 | ഡോ. ലൂസി ടി. കെ, ആയുർവേദ മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| ഖണ്ഡിക 2-1 | 4811/- | ഗ്രന്ഥശാലാവരി |
| ഖണ്ഡിക 2-2 | 480/- | ഗ്രന്ഥശാലാവരി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി | ശ്രീ. ഗിരീഷ് കുമാർ കെ, സെക്രട്ടറി, കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | ശ്രീ. ഗിരീഷ് കുമാർ കെ, കണ്ണ്യേരുപ്പിൽ വീട്, താമരശ്ശേരി പി. ഒ. |
| ശ്രീ. അരുൺ ചന്ദ്, അസി. എഞ്ചിനീയർ | ശ്രീ. അരുൺ ചന്ദ്, അസി. എഞ്ചിനീയർ, കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | ശ്രീ. അരുൺ ചന്ദ്, അസി. എഞ്ചിനീയർ, തായാട്ടുംപലി വീട്, ചേന്ദമംഗല്ലൂർ, മുക്കം |
| ശ്രീ. സുഭാഷ് സി, അസി. സെക്രട്ടറി | ശ്രീ. സുഭാഷ് സി, അസി. സെക്രട്ടറി, ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല | ചെറിയങ്ങാട്ട് വീട്, സ്വരാജ്, അരിയല്ലൂർ പി. ഒ, മലപ്പുറം ജില്ല - 676312 |
| ശ്രീ. ജോയ് എബ്രഹാം, ഹെഡ് മാസ്റ്റർ | ശ്രീ. ജോയ് എബ്രഹാം, ഹെഡ് മാസ്റ്റർ, ജി. എൽ. പി. എസ്, മുറംപാത്തി | ശ്രീ. ജോയ് എബ്രഹാം, കല്ലിടുക്കിൽ വീട്, വേനപ്പാറ പി. ഒ. |

| | | |
|---|---|---|
| ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, PHC | ഡോ. അബ്ദുറഹിമാൻ, മെഡിക്കൽ ഓഫീസർ, PHC, കോടഞ്ചേരി | ഡോ. അബ്ദുറഹിമാൻ, ഗ്രേസ് വില്ല, എലക്കര, പുതുപ്പാടി |
| ഡോ. ജിഷ് ല. കെ. എ, ഹോമിയോ മെഡിക്കൽ ഓഫീസർ | ഡോ. ജിഷ് ല കെ. എ, മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, നെല്ലിപ്പൊയിൽ | ഡോ. ജിഷ് ല കെ. എ, ഹർഷ, ചാത്തമംഗലം പി. ഒ. |
| ഡോ. ലൂസി ടി. കെ, ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ. ലൂസി ടി. കെ, മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, കണ്ണോം | ഡോ. ലൂസി ടി. കെ, തകരപ്പിള്ളിൽ വീട്, കോടഞ്ചേരി പി. ഒ. 673580 |

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(1) തീ.14.9.2011 | 1(13) |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(2)തീ.14.9.2011 | 2(40, 45) |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(3)തീ.14.9.2011 | 3(15, 17, 19) |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(4) തീ.15.9.2011 | 2( 21, 25) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(5) തീ.15.9.2011 | 8(2-1, 2-3, 2-4, 3-3, 3-4, 3-5, 3-7, 3-8) |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 4(2-1, 2-2, 2-4, 2-5) |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(6)തീ.15.9.2011 | 8(2-1, 2-6, 2-11, 2-12, 2-13, 2-14, 2-15, 2-16) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(7)തീ.15.9.2011 | 5(2-1, 2-2, 3-1, 3-2, 3-4) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(18)തീ.15.9.2011 | 1(3-1) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/ 256/2011(10) തീ.15.9.2011 | 6(2-12, 3-6, 3-8, 3-16, 3-19, 3-22) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/633/ 2012/ തീ.27.6.2012 | 24(2-1, 2-3, 2-4, 2-5, 2-6, 2-8, 2-9, 2-10, 2-13, 2-14, 2-15, 2-16, 2-17,3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-12, 3-15, 4-2, 4-7) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/ 332//2012/ തീ.5.7.2012 | 19(1-2, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-6, 3-9, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-19(3), 3-23, 4-3, 4-7) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/ 818//2012(1)/തീ.30.10.2013 | 13(1-1, 2-2, 2-3, 2-4(2), 3-1, 3-2(A,B), 3-3, 3-4, 3-5, 3-6, 3-7(1,2),4-6, 4-7) |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/819/ 13/ തീ.18.10.2013 | 15(1-1, 1-3, 2-1, 2-2, 2-3, 2-4, 3-3, 3-4, 3-5,3-6, 3-7, 3-9, 3-10, 4-3, 4-6) |

| | | |
|---|---|---|
| 2011-12<br>2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/<br>1464//2014/തീ.9.10.2014 | 10(2-3(4), 3-1, 3-2, 3-3,<br>3-4, 3-7, 3-9, 3-10, 3-12, 3-13(1)) |
| 2013-14<br>2014-15 | എൽ.എഫ്.കെ.കെ.ഡി.പി13/<br>247//2016/തീ.23.9.2016 | 15(2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-12, 3-13, 3-14, 3-15, 4-10) |
| 2015-16 | എൽ.എഫ്.കെ.കെ.ഡി.പി13/<br>1818//2016/തീ.25.3.2017 | 14(2-1, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 4-10) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി6/668/2021/<br>തീ.17.6.2021 | 36<br>(2-1, 2-2, 2-3, 2-4, 2-5,<br>2-6, 2-7,2-8, 2-9, 2-10,2-11, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24,3-25, 3-26, 3-27, 4-9) |
| 2017-18 | എൽ.എഫ്.കെ.കെ.ഡി.പി16/838/<br>2019/13.8.2019 | 8<br>1-11(1), 1-11(4), 1-11(5),<br>1-11(7), 3-1, 3-2, 3-5,3-6 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./<br>പി6/178/20/20.2.20 | 18<br>1-1, 1-5, 1-7, 1-8, 1-9, 1-11, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-23, 1-24, 1-27, 1-30, 4-11 |
| 2019-20 | | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്